
30
വെള്ളി
ഡിസംബർ 2022
1198 ധനു 15
Vol.5 Issue No.121

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com



## എൻ ഐ എ റെയ്ഡ്; തിരുവനന്തപുരത്ത് മൂന്ന് പേർ കസ്റ്റഡിയിൽ, പരിശോധനയിൽ ആയുധങ്ങൾ പിടിച്ചെടുത്തു

**തിരുവനന്തപുരം :** പിഎഫ്ഐ റെയ്ഡ്: വിതുരയിൽ സംസ്ഥാന നേതാവും സഹോദരനും ജീവനക്കാരനും എൻഐഎയുടെ കസ്റ്റഡിയിൽ

പരിശോധനയിൽ ആയുധങ്ങളും ഡിജിറ്റൽ തെളിവുകളും പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടെന്ന് പൊലീസ് പറയുന്നു. സെപ്റ്റംബറിൽ ദേശീയ അന്വേഷണ ഏജൻസി സ്വമേധയാ രജിസ്റ്റർ ചെയ്ത കേസുകളിലാണ് നടപടി

ഡിനെ തുടർന്ന് തിരുവനന്തപുരത്ത് മൂന്ന് പേരെ എൻഐഎ കസ്റ്റഡിയിലെടുത്തു. പിഎഫ്ഐ മുൻ സംസ്ഥാന കമ്മിറ്റിയംഗം വിതുര തൊളിക്കോട് സ്വദേശി സുൽഫി, ഇയാളുടെ സഹോദരൻ സുധീർ, സുധീരിന്റെ കാറ്ററിംഗ് സ്ഥാപനത്തിലെ ജീവനക്കാരൻ സലീം എന്നിവരാണ് കസ്റ്റഡിയിലുള്ളത്. സുൽഫിയുടെ വീട്ടിൽ ഇന്നലെ രാവിലെ തുടങ്ങിയ പരിശോധന വൈകിട്ടാണ് അവസാനിച്ചത്. ഇന്നലെ സംസ്ഥാനത്ത് 56 കേന്ദ്രങ്ങളിലാണ് റെയ്ഡ് നടന്നത്.പരിശോധനയിൽ ആയുധങ്ങളും ഡിജിറ്റൽ തെളിവുകളും പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടെന്ന് പൊലീസ് പറയുന്നു. സെപ്റ്റംബറിൽ ദേശീയ അന്വേഷണ ഏജൻസി സ്വമേധയാ രജിസ്റ്റർ ചെയ്ത കേസുകളിലാണ് നടപടി. പോപുലർ ഫ്രണ്ടിന്റെ 7 എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ, 7 മേഖലാ തലവന്മാർ എന്നിവരുടെ വീടുകളിലും റെയ്ഡ് നടത്തിയെന്ന് എൻഐഎ വാർത്താക്കുറിപ്പിൽ അറിയിച്ചു. പോപ്പുലർ ഫ്രണ്ടിന്റെ രണ്ടാം നിര നേതാക്കളെ കേന്ദ്രീകരിച്ചായിരുന്നു റെയ്ഡ്. പലരും പിഎഫ്ഐ നിരോധനം മുതൽ തന്നെ എൻഐഎ നിരീക്ഷണത്തിലായിരുന്നുവെന്നാണ് ലഭിക്കുന്ന വിവരങ്ങൾ. ദില്ലിയിൽ നിന്നുള്ള എൻഐഎ ഉദ്യോഗസ്ഥരും റെയ്ഡിൽ ഭാഗമായി. കേരള പൊലീസും റെയ്ഡിന് സുരക്ഷയൊരുക്കി. എവിടെയും പ്രതിഷേധവും പ്രതിരോധമോ ഉണ്ടായിരുന്നില്ല.പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യയുടെ നിരോധനത്തിന് തുടർച്ചയായാണ് ഈ റെയ്ഡ്. സെപ്തംബറിൽ രാജ്യവ്യാപകമായി നടത്തിയ റെയ്ഡിന് പിന്നാലെയാണ് പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യയെയും അനുബന്ധ സംഘടനകളെയേയും കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിരോധിച്ചത്. റിഹാബ് ഇന്ത്യാ ഫൗണ്ടേഷൻ, കാമ്പസ് ഫ്രണ്ട് ഓഫ് ഇന്ത്യ, ഓൾ ഇന്ത്യ ഇമാംസ് കൗൺസിൽ, എൻസിഎച്ച്ആർഒ, നാഷണൽ വുമൺസ് ഫ്രണ്ട്, ജൂനിയർ ഫ്രണ്ട്, എംപവർ ഇന്ത്യാ ഫൗണ്ടേഷൻ , റിഹാബ് ഫൗണ്ടേഷൻ കേരള എന്നീ സംഘടനകൾക്കാണ് നിരോധനം ഏർപ്പെടുത്തിയത്. സെപതംബറിൽ നടന്ന റെയ്ഡ് കേന്ദ്രസേനകളുടെ സുരക്ഷയിലായിരുന്നു. കേരള പൊലീസിനെ റെയ്ഡിൽ നിന്ന് പൂർണമായി ഒഴിവാക്കിയിരുന്നു. ഇക്കുറി കേരള പൊലീസാണ് റെയ്ഡ് നടപടികൾക്ക് വേണ്ട സുരക്ഷയൊരുക്കിയത്.



## രാജ്യത്ത് എവിടെ താമസിച്ചാലും പൗരന് സ്വന്തം മണ്ഡലത്തിൽ വോട്ട് രേഖപ്പെടുത്താം; വോട്ടിംഗ് മെഷീനിൽ പുതിയ ക്രമീകരണം

**ഡൽഹി:** മറ്റ് സംസ്ഥാനങ്ങളിൽ കഴിയുന്നവർക്കെല്ലാം വോട്ടിംഗ് സൗകര്യം ഒരുക്കാനുള്ള നീക്കവുമായി ഇലക്ഷൻ കമ്മീഷൻ. അതിഥി തൊഴിലാളികൾ അടക്കം ഉള്ളവർക്ക് വോട്ട് ഉറപ്പാക്കുകയാണ് ലക്ഷ്യം. 16 രാഷ്ട്രിയ പാർട്ടികളോട് തിരഞ്ഞെടുപ്പ് കമ്മീഷൻ പദ്ധതിയുടെ കരട് അടുത്തമാസം വിശദീകരിക്കും.

ഒരിന്ത്യ ഒരു തെരഞ്ഞെടുപ്പ് ആശയം തെരഞ്ഞെടുപ്പ് കമ്മീഷൻ പരിഗണിക്കുകയാണ്. ഈ വിധത്തിൽ തെരഞ്ഞെടുപ്പ് നടത്തുമ്പോൾ വോട്ടിംഗ് ശതമാനത്തിലും ഗണ്യമായ മാറ്റം ഉണ്ടാക്കാൻ സാധിയ്ക്കണം എന്ന് കമ്മീഷൻ കരുതുന്നു. വിവിധ സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവരുടെ വോട്ട് സമാഹരിക്കാനായാൽ വോട്ടിംഗ് ശതമാനം ഗണ്യമായി ഉയരും. നിലവിൽ ഇതിനുള്ള തടസ്സം സ്വന്തം മണ്ഡലങ്ങളിലേക്ക് യാത്രചെയ്യാനുള്ള വോട്ടർമാരുടെ ബുദ്ധിമുട്ടാണ്.

ഈ സാഹചര്യത്തെ സാങ്കേതിക സൗകര്യം ഉപയോഗിച്ച് നേരിടുകയാണ് തെരഞ്ഞെടുപ്പ് കമ്മീഷന്റെ ലക്ഷ്യം. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പുകളിൽ വോട്ട് രേഖപ്പെടുത്താൻ പാകത്തിലുള്ള വോട്ടിംഗ് മെഷീനാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ അവതരിപ്പിക്കുക. സാങ്കേതികമായി ഇത്തരം ഒരു വോട്ടിംഗ് മെഷിനായുള്ള തയ്യാറെടുപ്പുകൾ കമ്മീഷൻ വിജയകരമായി പൂർത്തിയാക്കി കഴിഞ്ഞു. കരട്പദ്ധതി ഉടൻ അംഗീകൃത രാഷ്ട്രീയ പാർട്ടികളോട് വിശദീകരിക്കും. വരുന്ന ലോകസഭ തെരഞ്ഞെടുപ്പിലെങ്കിലും ഇത്തരം വോട്ടിംഗ് മെഷിൻ ഉപയോഗിക്കുകയാണ് തെരഞ്ഞെടുപ്പ് കമ്മീഷന്റെ ലക്ഷ്യം.

## കലോത്സവം ആർഭാടങ്ങളുടെ വേദിയാക്കരുത്, അപകടമുണ്ടായാൽ സംഘാടകർക്കെതിരേ നടപടിയെടുക്കണം- ഹൈക്കോടതി

**കൊച്ചി ;**കലോത്സവം ആർഭാടങ്ങളുടെ വേദിയാക്കരുതെന്ന് ഹൈക്കോടതി. അനാരോഗ്യകരമായ മത്സരങ്ങൾ നടക്കുന്നുണ്ടെന്നും കഴിവുണ്ടായിട്ടും പാവപ്പെട്ട നിരവധി കുട്ടികൾക്ക് കലോത്സവത്തിന് പങ്കെടുക്കാനാകുന്നില്ലെന്നും ഹൈക്കോടതി ചൂണ്ടിക്കാട്ടി.സംസ്ഥാന സ്കൂൾ കലോത്സവത്തിനിടെ അപകടമുണ്ടായാൽ സംഘാടകർക്ക് എതിരെ നടപടിയെടുക്കണമെന്നും ഹൈക്കോടതി നിർദ്ദേശം നൽകി.

ജില്ലാ കലോത്സവങ്ങളിലെ വിധിനിർണ്ണയം ചോദ്യം ചെയ്തുള്ള അപ്പീലുകൾ തള്ളിയതിനെതിരെ നിരവധി വിദ്യാർഥികളാണ് ഹൈക്കോടതിയിലേക്കെത്തിയത്. സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കണമെന്നായിരുന്നു അവരുടെ ആവശ്യം. ആ ഹർജികൾ പരിശോധിക്കുന്നതിനിടെയാണ് ഹൈക്കോടതിയുടെ വിമർശനം.ഹർജികൾ കോടതി കൂട്ടത്തോടെ നിരാകരിച്ചു. കൂടാതെ കലോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട് സുപ്രധാനമായ ചില നിരീക്ഷണങ്ങൾ കോടതി പങ്കുവെയ്ക്കുകയും ചെയ്തു. കലോത്സവങ്ങൾ ആർഭാടങ്ങളുടെ വേദിയാകുന്നു എന്നായിരുന്നു ഹൈക്കോടതിയുടെ പ്രധാനപ്പെട്ട വിമർശനം.



## വിശ്വാസികൾ വർഗീയവാദികളല്ല, വർഗീയവാദികൾക്ക് വിശ്വാസമില്ല- എം.വി. ഗോവിന്ദൻ

**കൊച്ചി:** ബി.ജെ.പിയുടെ രണ്ടാം ടീമെന്ന നിലയിലെ കോൺഗ്രസിന്റെ പരസ്യ പ്രഖ്യാപനമാണ് മൃദുഹിന്ദുത്വവുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാമർശങ്ങളെന്ന് സി.പി.എം. സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. മൃദുഹിന്ദുത്വ നിലപാട് സ്വീകരിക്കണമെന്നാണ് പറയുന്നത്. അത് കോൺഗ്രസിന്റെ നിലപാടാണ്. അതിനെ സി.പി.എം. പണ്ടേ വിമർശിച്ചുകൊണ്ടിരിക്കുന്നതാണ്. ഇന്നും വിമർശിക്കുകയാണെന്നും എം.വി. ഗോവിന്ദൻ പറഞ്ഞു.'മൃദുഹിന്ദുത്വ നിലപാടുകൊണ്ട് ബി.ജെ.പിയെ പ്രതിരോധിക്കാൻ കഴിയില്ല. അതാണ് കോൺഗ്രസ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇത് ബി.ജെ.പിയെ സഹായിക്കാനുള്ള പാലമായിട്ടാണ് പ്രവർത്തിക്കുന്നത്.'- സി.പി.

എം. സെക്രട്ടറി അഭിപ്രായപ്പെട്ടു.ചന്ദനക്കുറി തൊടുന്നവരല്ല മൃദുഹിന്ദുത്വത്തിന്റെ ആളുകൾ. അവർ വിശ്വാസികളാണ്. വിശ്വാസികൾ വർഗീയവാദികളല്ല, വർഗീയവാദികൾക്ക് വിശ്വാസമില്ല. അവർ വിശ്വാസം ഒരു ഉപകരണമായി ഉപയോഗിക്കുന്നവരാണ്. ചന്ദനക്കുറി തൊടുന്നു എന്നുള്ളതുകൊണ്ട് അവരാണ് മൃദുഹിന്ദു എന്ന് പറയാൻ പറ്റില്ല. അവർ വിശ്വാസികളാണ്. വിശ്വാസികളോട് നല്ല നിലപാടാണ് സി.പി.എമ്മിനുള്ളത്. ഏത് വിശ്വാസിയായാലും അവർക്ക് വിശ്വാസമനുസരിച്ച് പ്രവർത്തിക്കാൻ അവകാശമുണ്ട്. അവരെയെല്ലാം വർഗീയവാദികളായി ചിത്രീകരിക്കാൻ പാടുള്ളതല്ലെന്നും എം.വി. ഗോവിന്ദൻ വ്യക്തമാക്കി. കോൺഗ്രസ് നേതാക്കൾ പലരുടേയും നിലപാടുകൾ മൃദുഹിന്ദുത്വനിലപാടാണെന്നും, കെ. സുധാകരന്റെ ആർ.എസ്.എസ്. അനുകൂല പരാമർശത്തിന്റെ തുടർച്ചയാണോ എ.കെ. ആന്റണിയുടെ പരാമർശമെന്ന ചോദ്യത്തോട് അദ്ദേഹം പ്രതികരിച്ചു.

## ആരോപണങ്ങളെ പാർട്ടിക്കുള്ളിൽ നേരിടാൻ ഇപി ജയരാജൻ, സിപിഎം സെക്രട്ടറിയേറ്റിൽ പങ്കെടുക്കാൻ തലസ്ഥാനത്തേക്ക്

**തിരുവനന്തപുരം :** സിപിഎം സംസ്ഥാന സെക്രട്ടറിയേറ്റിൽ പങ്കെടുക്കാൻ എൽഡിഎഫ് കൺവീനർ ഇപി ജയരാജൻ തിരുവനന്തപുരത്തേക്ക്. തനിക്കെതിരെ ഉയർന്ന അനധികൃതമായി സ്വത്ത് സമ്പാദന ആരോപണം പാർട്ടിയിൽ പ്രതിരോധിക്കാനാണ് ഇപിയുടെ നീക്കം. ഇന്ന് രാവിലെയോടെ അദ്ദേഹം തലസ്ഥാനത്തെത്തും. സംസ്ഥാന സെക്രട്ടറിയേറ്റിൽ പങ്കെടുത്ത് കണ്ണൂരിലെ ആയൂർവേദ റിസോർട്ടിൽ തനിക്ക് നിക്ഷേപമില്ലെന്ന് വിശദീകരിക്കും. മാസങ്ങളായി പിന്നാലെ നടന്ന് ഉപദ്രവിക്കുന്ന റിസോർട്ടിന്റെ മുൻ എംഡി കെപി രമേഷ് കുമാറിന്റെ വാക്കുകേട്ടാണ് പി ജയരാജൻ ആരോപണം ഉന്നയിക്കുന്നതെന്നാണ് ഇപിയുടെ പ്രധാന വാദം. ഇതാകും യോഗത്തിലും അദ്ദേഹം വിശദീകരിക്കുക.

മൗനം ഭജിക്കുന്ന ഇപി ജയരാജൻ നാളെ സിപിഎം സംസ്ഥാന സെക്രട്ടറിയേറ്റിന് നൽകുന്ന വിശദീകരണത്തിന്റെ ട്രെയിലറാണ് കഴിഞ്ഞ ദിവസങ്ങളിൽ വൈദികം സിഇഒയുടെ പ്രതികരണമായി വന്നത്. നാട്ടിൽ തുടങ്ങുന്ന ഒരു ആയുവേദ ആശുപത്രിക്ക് സഹായങ്ങൾ ചെയ്തു എന്നത് മാത്രമാണ് തന്റെ റോളെന്നാണ് ഇപിയുടെ നിലപാട്. ഇതാകും ചേരുന്ന സെക്രട്ടിയേറ്റിലും അദ്ദേഹം വ്യക്തമാക്കുക.

മകന് പത്ത് ലക്ഷവും ഭാര്യയ്ക്ക് ജില്ലാ ബാങ്കിൽ നിന്ന് കിട്ടിയ വിരമിക്കൽ ആനുകൂല്യങ്ങളും റിസോർട്ടിൽ നിക്ഷേപമാക്കിയിട്ടുണ്ട്. സ്ഥാപനത്തിന്റെ എംഡിയായിരുന്ന വ്യവസായി കെപി രമേഷ് കുമാറിനായിരുന്നു വൈദീകത്തിന്റെ നിർമ്മാണ കോൺട്രാക്ടും കൊടുത്തത്. നിർമ്മാണത്തിലെ സാമ്പത്തീക ക്രമക്കേട് കണ്ടെത്തിയതോടെ ഡയറക്ടർ ബോർഡ് ചർച്ചചെയ്ത് രമേഷ് കുമാറിനെ എംഡി സ്ഥാനത്ത് നിന്ന് നീക്കി. ഇയാൾക്കെതിരെ ബോർഡ് അന്വേഷണവും നടത്തുന്നുണ്ട്. ഈ നീക്കത്തിന് പിന്നിൽ താനാണെന്ന് തെറ്റിദ്ധരിച്ച് മാസങ്ങളായി പിന്നാലെ നടന്ന് ഉപദ്രവിക്കുകയാണ് രമേഷ് കുമാറെന്ന് ഇപി സെക്രട്ടറിയേറ്റിൽ വിശദീകരിച്ചേക്കും.




രമേഷ് കുമാറിന്റെ വാദങ്ങളാണ് പി ജയരാജൻ അനധികൃത സ്വത്ത് സമ്പാദനമെന്ന ഗുരുതര ആരോപണം ഉന്നയിക്കാൻ കൂട്ടുപിടിച്ചതെന്നും വസ്തുതയ്ക്ക് നിരക്കാത്ത കാര്യങ്ങൾ പറഞ്ഞതിലെ രാഷ്ട്രീയ ലക്ഷ്യം പരിശോധിക്കണമെന്നും ഇപി സെക്രട്ടറിയേറ്റിൽ ആവശ്യപ്പെടാൻ സാധ്യതയുണ്ട്. തന്നെ പ്രതിസ്ഥാനത്ത് നിർത്തുന്ന തരത്തിൽ മാധ്യമങ്ങളോട് സംസാരിച്ചതും കാഞ്ഞങ്ങാട്ട് പ്രസംഗിച്ചതും ചൂണ്ടിക്കാട്ടും. തെറ്റുകാരനെങ്കിൽ എൽഡിഎഫ് കൺവീനർ സ്ഥാനം ഒഴിയാൻ തയ്യാറാണെന്നും അറിയിക്കും. ഇപിയുടെ വിശദീകരണത്തോടെ കാര്യങ്ങൾ കൂടുതൽ വഷളാക്കാതെ സെക്രട്ടറിയേറ്റിൽ തന്നെ പറഞ്ഞുതീർക്കാനാണ് നീക്കമെന്ന അഭ്യൂഹം ശക്തമാണ്. അതേസമയം പി ജയരാജന്റെ ആരോപണത്തിൽ കഴമ്പുണ്ടെന്ന നിഗമനത്തിൽ അന്വേഷണം വേണമെന്നാണ് പൊതു അഭിപ്രായമെങ്കിൽ ഇപയിയ്ക്ക് മുന്നോട്ടുള്ള യാത്ര ശ്രമകരമാകും.




## കൊച്ചിൻ കാർണിവലിലെ പാപ്പാഞ്ഞിക്ക് മോദിയുടെ ഛായയെന്ന് ബി.ജെ.പി.; പോലീസിൽ പരാതി

**കൊച്ചി:** കൊച്ചിൻ കാർണിവലിനായി ഒരുക്കിയ പപ്പാഞ്ഞിക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഛായയുണ്ടെന്ന് ആരോപിച്ച് പ്രതിഷേധവുമായി ബി.ജെ.പി. രംഗത്ത്. പാപ്പാഞ്ഞിക്ക് പ്രധാനമന്ത്രിയുടെ മുഖവും രൂപസാദൃശ്യവുമുണ്ടെന്നും ഇത് രാജ്യത്തിന്റെ പ്രധാനമന്ത്രിയെ അധിക്ഷേപിക്കാനുള്ള ശ്രമമാണെന്നും ബി.ജെ.പി. എറണാകുളം ജില്ലാ പ്രസിഡന്റ് കെ.എസ്. ഷൈജു പറഞ്ഞു.പപ്പാഞ്ഞിയുടെ മുഖത്തിനും വസ്ത്രത്തിനും പ്രധാനമന്ത്രിയുമായി സാമ്യമുണ്ട്. ഇത് ഭാരതത്തിന്റെ പ്രധാനമന്ത്രിയെ അധിക്ഷേപിക്കുന്നതിനായി മനപ്പൂർവ്വം ചെയ്തതാണ്. കൊച്ചിൻ കാർണിവലിനെ അലങ്കോലപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഇങ്ങനെ ചെയ്തിരിക്കുന്നതെന്നും ഷൈജു കൂട്ടിച്ചേർത്തു.അതേസമയം ബി.ജെ.പിയുടെ പ്രതിഷേധത്തെ തുടർന്ന് പപ്പാഞ്ഞിയുടെ രൂപം മാറ്റാമെന്ന് സംഘാടക സമിതി അറിയിച്ചതായും ഷൈജു പറഞ്ഞു. സംഭവവുമായി ബന്ധപ്പെട്ട് ബി.ജെ.പി. ജില്ലാ നേതൃത്വം പോലീസിൽ പരാതി നൽകിയിട്ടുണ്ട്.

### ആശാൻ

ആരോപണങ്ങളെ പാർട്ടിക്കുള്ളിൽ നേരിടാൻ ഇപി ജയരാജൻ, സിപിഎം സെക്രട്ടറിയേറ്റിൽ പങ്കെടുക്കാൻ തലസ്ഥാനത്തേക്ക്



പാർട്ടി അന്വേഷണം പ്രഖ്യാപിക്കും ... സ്വാഹ

**പരാശക്തി ജ്യോതിഷ പീഠം**

**പോളി ജംഗ്ഷൻ – തൃപ്രയാർ**

**ഫോൺ: 9745205651, 9188205651**

ജോത്സ്യൻ : ജി. എൻ. ബാബുജി

ജ്യോതിഷം, വെറ്റില ജ്യോതിഷം, താംബൂല പ്രശ്നം, അഷ്ട മംഗല പ്രശ്നം, ദേവ പ്രശ്നം, സ്വർണ്ണപ്രശ്നം, മഷിനോട്ടം, പരിഹാരം

മഹത്തായ യന്ത്രങ്ങൾ, ഏലസ്സുകൾ, വിദ്യാമഹാറാണി യന്ത്രം, സ്വയംവര യന്ത്രം, അർദ്ധനാരിശ്വരിയന്ത്രം, നെടുമംഗല്യം, അശ്വമേധം, സർപ്പഹരം, ഒമ്പത് ഗ്രഹങ്ങളുടേയും ദോഷപരിഹാരയന്ത്ര ഏലസ്സുകൾ, ഗരുഡമഹാമന്ത്ര യന്ത്ര ഏലസ്സ് എല്ലാ ദോഷപരിഹാരങ്ങൾക്കും

കേരള പ്രണാമം
സത്യം വദ ധർമ്മം ചര
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച



ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി

### ആഘോഷങ്ങൾക്ക് അറിഞ്ഞുകൊണ്ട് പരിധി നിശ്ചയിക്കാനാവില്ലെന്നത് സത്യമാണ് എങ്കിലും....


അവധിക്കാലം ആഘോഷങ്ങളുടേതു കൂടിയാണ്. അതേസമയം ആഘോഷങ്ങൾ ദുരന്തത്തിൽ കലാശിക്കാതിരിക്കാൻ പ്രത്യേക കരുതലും വേണം. ഇക്കഴിഞ്ഞ ദിവസങ്ങളിൽ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും നടന്ന വാഹനാപകടങ്ങളിൽ വിലപ്പെട്ട ഒട്ടേറെ ജീവനുകൾ ഇല്ലാതായി. ക്രിസ്മസ് ആഘോഷത്തിനിടയിലുമുണ്ടായി ദാരുണമായ അപകടങ്ങൾ. വാഹനാപകടങ്ങളിലും പുഴയിലും കടലിലുമായുണ്ടായ അത്യാഹിതങ്ങളിലും പെട്ട് യുവാക്കളാണ് ഈ ലോകം വിട്ടുപോയത്. വാഹനാപകടങ്ങളിൽ മുന്നിട്ടുനിൽക്കുന്ന സംസ്ഥാനങ്ങളിൽ കേരളത്തിനു അപ്രധാനമല്ലാത്ത സ്ഥാനമുണ്ട്. ഒരു വർഷം നാലായിരത്തിലേറെ മരണങ്ങളാണ് ഇവിടെ വാഹനാപകടങ്ങളിലുണ്ടാകുന്നത് . ഇതിന്റെ പത്തിരട്ടിവരും അപകടങ്ങളിൽപെട്ട് അംഗഭംഗം വരുന്നവരുടെ സംഖ്യ. കഴിഞ്ഞ ഒരാഴ്ചയ്ക്കിടെ സംസ്ഥാനത്തുണ്ടായ വാഹനാപകടങ്ങളിൽ ഒരു ഡസനിലധികം പേരാണ് മരണപ്പെട്ടത്.

അപകടങ്ങൾ ആരും മനഃപൂർവം ഉണ്ടാക്കുന്നതല്ല. സംഭവിച്ചുപോകുന്നതാണ്. എന്നിരുന്നാലും അല്പം ശ്രദ്ധയും കരുതലും പുലർത്തിയാൽ പല അപകടങ്ങളും ഒഴിവാക്കാനാകും. യുവാക്കൾ ഉൾപ്പെടുന്ന ബൈക്ക് അപകടങ്ങളിൽ പലതും ഈ ഗണത്തിൽ പെടുന്നവയാണ്. വീണ്ടുവിചാരമില്ലാത്ത ഡ്രൈവിംഗ് ശൈലി പലരെയും അപകടത്തിലേക്കാണു നയിക്കുന്നത്. ആഘോഷവേളകളിൽ സംഘം ചേർന്നുള്ള യാത്രയും ഉല്ലാസകേളികളും ചിലപ്പോഴെങ്കിലും ദുരന്തങ്ങളിലാണ് അവസാനിക്കുന്നത്. കടലിലും പുഴയിലുമൊക്കെ ആഹ്ലാദത്തോടെ നീന്തിത്തുടിക്കാനിറങ്ങുന്നവർക്ക് അപകടമുണ്ടാകുമ്പോൾ അതിന്റെ ആഘാതം താങ്ങേണ്ടിവരുന്നതിൽ വീട്ടുകാർ മാത്രമല്ല ബന്ധുമിത്രാദികളും സമൂഹവുമുണ്ട്. ജീവിതം എന്തെന്ന് അറിയും മുമ്പുതന്നെ ജീവിതത്തിനു വിരാമമാകുന്നത് മനുഷ്യജന്മത്തിലെ ഏറ്റവും വലിയ ദുർവിധിയാണ്.

തീർത്ഥാടനമായാലും ഉല്ലാസയാത്രയായാലും ഓർക്കാപ്പുറത്താകും ദുരന്തമായി മാറുന്നത്. ഇക്കഴിഞ്ഞ വെള്ളിയാഴ്ച രാത്രി ഇടുക്കിയിൽ കുമളിക്കു സമീപമുണ്ടായ കാറപകടത്തിൽ എട്ടു ശബരിമല തീർത്ഥാടകരാണ് മരിച്ചത്. ശബരിമല ദർശനം കഴിഞ്ഞ് തമിഴ്നാട്ടിലേക്കു മടങ്ങിയവർ സഞ്ചരിച്ച കാറാണ് മരത്തിലിടിച്ച് താഴ്ചയിലേക്കു മറിഞ്ഞത്. പരിചിതമല്ലാത്ത റോഡിൽ വാഹനമോടിക്കുമ്പോൾ പതിവിൽ കവിഞ്ഞ ശ്രദ്ധപുലർത്തണമെന്നു പറയുന്നത് വഴിയിൽ പതിയിരിക്കുന്ന അപകടം അറിയാവുന്നതുകൊണ്ടാണ്. ഈ തീർത്ഥാടനകാലത്ത് ശബരിമലയിലേക്കുള്ള പാതകളിൽ വേറെയും പല അപകടങ്ങളുമുണ്ടായി. കുറെപ്പേർ മരണമടയുകയും ചെയ്തു. തീർത്ഥാടനകാലം അപകടരഹിതമാക്കാൻ അധികൃതർ ആവുന്ന മട്ടിലെല്ലാം നടപടികൾ സ്വീകരിച്ചിട്ടും ചെറുതും വലുതുമായ അപകടങ്ങൾക്കു കുറവൊന്നുമില്ല. തീർത്ഥാടനത്തിന് പോയ ഉറ്റവർ നിരപായം മടങ്ങിവരുന്നതും കാത്തുകഴിയുന്ന ബന്ധുജനങ്ങൾക്ക് ദാരുണവാർത്ത കേൾക്കേണ്ടിവരുന്നത് എത്രമാത്രം ഹൃദയഭേദകമായിരിക്കുമെന്നു പ്രത്യേകം പറയേണ്ടതില്ല.

കൊവിഡ് കാലം എല്ലാത്തരം യാത്രകൾക്കും ആഘോഷങ്ങൾക്കും വിലങ്ങുവീണ കാലമായിരുന്നു. മഹാമാരി ഒഴിഞ്ഞതോടെ ആഘോഷങ്ങളും യാത്രകളും പഴയപടി തിരിച്ചുവന്നിട്ടുണ്ട്. രണ്ടു വർഷത്തെ അടച്ചിരിപ്പിന്റെ മുഷിപ്പു മാറ്റാൻ മുൻപത്തേക്കാൾ ആവേശത്തോടെയാണ് ഏവരും മുന്നോട്ടുവരുന്നത്. നിരത്തിനു താങ്ങാനാവാത്ത രീതിയിൽ വാഹനപ്പെരുപ്പവും ഉണ്ടായിട്ടുണ്ട്. പൊതുനിരത്തുകളിൽ അതു സൃഷ്ടിക്കുന്ന പ്രശ്നങ്ങളും ചില്ലറയല്ല. ഏറെ ക്ഷമയും സംയമനവും ആവശ്യപ്പെടുന്ന തരത്തിൽ യാത്രകൾ സങ്കീർണമാവുകയാണ്.

പുതുവത്സരമാണ് കടന്നുവരുന്നത്. പുതുവത്സരത്തെ വരവേൽക്കാൻ ഒരുക്കം തുടങ്ങിക്കഴിഞ്ഞു. ആഘോഷരാവുകൾ കൂടുതൽ അവിസ്മരണീയമാക്കാനുള്ള ആവേശം അതിരുവിടാതിരിക്കാൻ മനസുവയ്ക്കണം. ഇത്തരം ആഘോഷങ്ങളിൽ പങ്കുചേരാൻ പാങ്ങില്ലാത്ത ധാരാളം പേരും ചുറ്റിലുമുണ്ടെന്ന ചിന്തവേണം. ആഘോഷങ്ങൾക്ക് അറിഞ്ഞുകൊണ്ട് പരിധി നിശ്ചയിക്കാനാവില്ലെന്നത് സത്യമാണ്. എന്നിരുന്നാലും മഹാമാരിക്കാലം സൃഷ്ടിച്ച ദുഃഖങ്ങൾ ഏറെ മുന്നിലുള്ളപ്പോൾ എല്ലാം മറന്ന് ആഘോഷത്തിമിർപ്പിലമരാൻ എങ്ങനെ കഴിയും



### ചൈനീസ് യുവതി ബിഹാറിൽ കസ്റ്റഡിയിൽ; പിടിയിലായത് ദലൈലാമയെ പിന്തുടരവെ

ന്യൂഡൽഹി: ഇന്ത്യയിൽ ചാരവൃത്തിയിൽ ഏർപ്പെട്ടെന്നുകരുതുന്ന ചൈനീസ് വനിത ബിഹാറിലെ ഗയയിൽ പിടിയിലായി. ദലൈലാമയെ പിന്തുടർന്നു വരുകയായിരുന്നു ഇവർ. ദലൈലാമ ബിഹാറിൽ സന്ദർശനം നടത്താനിരിക്കെയാണ് പിടിയിലായത്. ഇവരെ ചൈനയിലേക്ക് നാടുകടത്തിയേക്കും.

ചാരവൃത്തിയിൽ ഏർപ്പെട്ടെന്നു കരുതുന്ന ഇവരുടെ രേഖാചിത്രം നേരത്തെ പുറത്തുവിട്ടിരുന്നു. സോങ് ഷിയോലാൻ എന്നാണ് ഇവരുടെ പേര്. ബോധ് ഗയയിൽ ഉൾപ്പെടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇവർ കഴിഞ്ഞ ഒരു വർഷമായി തങ്ങിയിരുന്നതായാണ് കരുതപ്പെടുന്നത്. എന്നാൽ, ഇവരെക്കുറിച്ച് വിദേശകാര്യവിഭാഗത്തിന്റെ കയ്യിൽ യാതൊരു രേഖകളും ഉണ്ടായിരുന്നില്ല.

വർഷത്തിലൊരിക്കൽ ദലൈലാമ ബോധ് ഗയയിൽ എത്താറുണ്ടായിരുന്നു. എന്നാൽ, കോവിഡ് പശ്ചാലത്തിൽ രണ്ടുവർഷമായി ഇത് നിർത്തിവെച്ചിരിക്കുകയായിരുന്നു. ദലൈലാമയുടെ സന്ദർശനത്തിന്റെ ഭാഗമായി മഹാബോധി ക്ഷേത്രസമുച്ചയ പരിസരത്ത് സുരക്ഷ ശക്തമാക്കി.



## ക്രിസ്മസ് ആഘോഷങ്ങൾക്കിടയിലും ആക്രമണത്തിന് അയവ് വരുത്താതെ റഷ്യ; 54 മിസൈലുകൾ വെടിവെച്ചിട്ടതായി യുക്രെയിൻ

കീവ്: ക്രിസ്മസ് പുതുവത്സര ആഘോഷത്തിനിടയിലും യുക്രെയിനെതിരായ ആക്രമണത്തിൽ അയവ് വരുത്താതെ റഷ്യ. വ്യാഴാഴ്ച പുലർച്ചെയുണ്ടായ കനത്ത ആക്രമണത്തിൽ തലസ്ഥാന നഗരി ലക്ഷ്യം വെച്ച് വർഷിച്ച 69 റഷ്യൻ മിസൈലുകളിൽ 54 എണ്ണം വിജയകരമായി വെടിവെച്ചിട്ടതായി യുക്രെയിൻ സൈനിക വൃത്തങ്ങൾ അറിയിച്ചു.

54 മിസൈലുകൾ ലക്ഷ്യത്തിലെത്തുന്നതിന് മുൻപ് വ്യോമ പ്രതിരോധ സംവിധാനം ഉപയോഗിച്ച് തകർത്തതായാണ് പ്രസ്താവന. കഴിഞ്ഞ ദിവസങ്ങളിൽ 120-ഓളം മിസൈലുകൾ റഷ്യ ആക്രമണത്തിനായി ഉപയോഗിച്ചതായി യുക്രെയിൻ അറിയിച്ചിരുന്നു.

അതേ സമയം ക്രിസ്മസ് കാലത്ത് യുദ്ധത്തിന് മയം വരുത്തണമെന്ന യുക്രെയിനിന്റെ സമവായ നീക്കം റഷ്യൻ പ്രസിഡന്റ് തള്ളിയിരുന്നു. ക്രിസ്മസ് കാലയളവിലെ അതി ശൈത്യത്തിലേയ്ക്ക് യുക്രെയിൻ കടക്കുന്നതിന് മാസങ്ങൾക്ക് മുമ്പ് തന്നെ റഷ്യ കീവിൽ അടക്കം ഇറാൻ നിർമിത ഡ്രോണുകൾ ഉപയോഗിച്ചുള്ള ആക്രമണം ശക്തമാക്കിയിരുന്നു. യുക്രെയിനിലെ ഊർജ്ജ കേന്ദ്രങ്ങളെയും വിതരണ ശൃംഖലയുമായിരുന്നു റഷ്യ പ്രധാനമായും ഇത്തരം ആക്രമണങ്ങളിലൂടെ ലക്ഷ്യം വെച്ചത്. ഇതിന്റെ കനത്ത പ്രത്യാഘാതങ്ങൾ ശൈത്യകാലത്ത് യുക്രെയിൻ ജനതയെ അലട്ടുന്നതായാണ് വിവരം.

തങ്ങളുടെ ഭാഗത്ത് നിന്നുള്ള ആൾ നാശമൊഴിവാക്കിയുള്ള ഷഹീൻ ഡ്രോണുകൾ ഉപയോഗിച്ചുള്ള ആക്രമണത്തിനൊപ്പമാണ് കനത്ത മിസൈൽ വർഷവും റഷ്യ തുടരുന്നത്. റഷ്യൻ മിസൈലുകളെ പ്രതിരോധിക്കാനായി യുക്രെയിന് പേട്രിയട്ട് എയർ ഡിഫൻസ് സിസ്റ്റം നൽകുമെന്ന് യു.എസ് അറിയിച്ചിരുന്നു.



## തായ്‌ലൻഡുമായി അതിർത്തി പങ്കിടുന്ന പൊയ്പെറ്റിലെ ഹോട്ടലിൽ തീപ്പിടിത്തം; 19 മരണം, നിരവധി പേർക്ക് പരിക്ക്

നോം പെൻ: കംബോഡിയയിലെ കസിനോയിലുണ്ടായ തീപ്പിടിത്തത്തിൽ 19 പേർ മരിച്ചതായി റിപ്പോർട്ട്. അപകടത്തിൽ നിരവധി പേർക്ക് പരിക്കേറ്റു.

തായ്‌ലന്റുമായി അതിർത്തി പങ്കിടുന്ന പൊയ്പെറ്റിലെ ഗ്രാൻഡ് ഡയമണ്ട് സിറ്റി ഹോട്ടലിലെ കാസിനോയിലാണ് തീപിടിത്തമുണ്ടായത്. മരണസംഖ്യ ഇനിയും ഉയർന്നേക്കാമെന്നാണ് വിവരം. പ്രാദേശിക സമയം 11.30നാണ് അപകടമുണ്ടായത്. കെട്ടിടത്തിൽ കുടുങ്ങിയവർക്കായി രക്ഷാപ്രവർത്തകർ തിരച്ചിൽ നടത്തുകയാണ്.

രക്ഷാപ്രവർത്തനത്തിനായി തായ്‌ലാന്റിൽ നിന്നും സേന പൊയ്പെറ്റിൽ എത്തിയിട്ടുണ്ട്. പരിക്കേറ്റവരെ തായ്‌ലാന്റിലെ സാകായിയോ പ്രവിശ്യയിലെ വിവിധ ആശുപത്രികളിലാക്കിയെന്ന് തായ്‌ലാന്റ് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഇതുവരെ 79 തായ് പൗരന്മാരെയും 30 കംബോഡിയക്കാരെയും എട്ട് ഇന്തോനേഷ്യക്കാരെയുമാണ് തായ്‌ലാന്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. തീപിടിത്തത്തിന് പിന്നാലെ പുക അമിതമായി ഉയർന്നത് രക്ഷാപ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു. പലരും രക്ഷപ്പെടാനായി കെട്ടിടത്തിന്റെ മുകളിൽ നിന്ന് ചാടുന്നതിനിടെ വീണുമരിക്കുകയായിരുന്നു.



## 407 മീറ്റർ നീളം, 35 കോടി ചെലവ്; രാജ്യത്തെ നീളംകൂടിയ ഗ്ലാസ് ബ്രിഡ്ജ് മഹാരാഷ്ട്രയിൽ

മഹാരാഷ്ട്രയിൽ ഗ്ലാസ് പ്രതലത്തോടുകൂടിയ രാജ്യത്തെ നീളംകൂടിയ തൂക്കുപാലം വരുന്നു. അമരാവതിയിലെ ഹിൽസ്റ്റേഷനായ ചിഖൽദരയിൽ 407 മീറ്റർ നീളത്തിലാണ് തൂക്കുപാലം നിർമിക്കുന്നത്.

ഇതിന്റെ നടുവിലായി 100 മീറ്ററിലാണ് ഗ്ലാസ് പ്രതലമൊരുക്കുക. ഗ്ലാസ് പ്രതലമുള്ള രാജ്യത്തെ രണ്ടാമത്തെ തൂക്കുപാലം കൂടിയാണിത്.

ലോകത്താദ്യമായി ഒറ്റകേബിളിൽ നിർമിക്കുന്ന തൂക്കുപാലമെന്ന സവിശേഷതയുമുണ്ട്.

ചിഖൽദരയിൽ ഹരിക്കേൻ പോയന്റിനും ഗൊരേഘട് പോയന്റിനും ഇടയിലുള്ള തൂക്കുപാലത്തിന്റെ തൂണുകളടക്കം 70 ശതമാനം നിർമാണം പൂർത്തിയായി. 2023 ജൂലായോടെ നിർമാണം പൂർത്തിയാകുമെന്നാണ് പ്രതീക്ഷ. 35 കോടി രൂപയാണ് പ്രതീക്ഷിത ചെലവ്. ഗ്ലാസ് പ്രതലമുള്ള രാജ്യത്തെ ആദ്യത്തെ തൂക്കുപാലം സിക്കിമിലാണ്.

നിലവിൽ ലോകത്ത് ഏറ്റവും നീളംകൂടിയ തൂക്കുപാലം ചെക്ക് റിപ്പബ്ലിക്കിൽ 2022 മേയിൽ തുറന്ന സ്കൈ ബ്രിഡ്ജാണ്; നീളം 721 മീറ്റർ. സ്വിറ്റ്സർലൻഡിലെ 397 മീറ്റർ നീളമുള്ള തൂക്കുപാലത്തെ മറികടക്കുന്നതാകും ചിഖൽദരയിലേത്.

2022 ജനുവരിയിലാണ് വനംവകുപ്പ് പദ്ധതിക്ക് അനുമതി നൽകിയത്. മേൽഘട്ട് കടുവസങ്കേതത്തിനു മുകളിലൂടെയാണ് ഈ പാലം കടന്നുപോകുന്നത്. അതുകൊണ്ടുതന്നെ പാലം ടൂറിസംമേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. മുംബൈനാഗ്പുർ അതിവേഗ പാതയ്ക്കരികി



# കൊല്ലാൻ വന്നാൽ വെറുതെവിടും, പക്ഷെ ഇത് ഞാൻ വിടില്ല,മൂന്നുനാല് പേരെ സംശയമുണ്ട്– കുഞ്ഞാലിക്കുട്ടി

**മലപ്പുറം:** മുസ്ലിംലീഗ് പ്രവർത്തകൻ അരിയിൽ ഷുക്കൂർ വധക്കേസിൽ സിപിഎം നേതാവ് പി.ജയരാജനെ രക്ഷിക്കാൻ ഇടപെടൽ നടത്തിയെന്ന ആരോപണത്തിൽ രൂക്ഷ പ്രതികരണവുമായി പി.കെ.കുഞ്ഞാലിക്കുട്ടി. പിന്നിൽ പ്രവർത്തിച്ചവരെ കുറിച്ച് സൂചന ലഭിച്ചിട്ടുണ്ടെന്നും വെറുതെ വിടുന്ന പ്രശ്നമില്ലെന്നും അദ്ദേഹം പറഞ്ഞു.'തന്നെ കൊല്ലാൻ വന്നാൽ പോലും വെറുതെവിട്ടേക്കും. ഞാൻ ഒരുപാട് വേട്ടയാടലിന് ഇരയായ ആളാണ്, ഒരു വേട്ടയാടലിന് പിറകെയും ഞാൻ പോയിട്ടില്ല. തിരിച്ചു ഒരു കേസും കൊടുത്തിട്ടില്ല. പക്ഷെ ഇത് ഞാൻ വെറുതെ വിടില്ല. ഇത് ഷുക്കൂറിന്റെ കേസാണ്. ഇത് ഞാൻ വെറുതെ വിടുന്ന പ്രശ്നമില്ല'കുഞ്ഞാലിക്കുട്ടി മാധ്യമങ്ങളോട് പ്രതികരിച്ചു. അന്നത്തെ അന്വേഷണ ഉദ്യോഗസ്ഥൻ പറഞ്ഞതായി പറഞ്ഞു എന്നായിരുന്നു ആരോപണം. എന്നാൽ അങ്ങനെ ഒരു സംഭവം തന്നെ ഇല്ലെന്ന് അയാൾ തന്നെ പറയുകയുണ്ടായി. അത്തരമൊരു അവസരത്തിൽ വക്കീലിന്റെ വെളിപ്പെടുത്തൽ നിലനിൽക്കുന്നില്ല. യാതൊരു അടിസ്ഥാനവുമില്ലെന്ന് ക്ലിയർ. പറഞ്ഞതായി കേട്ടു എന്ന ആരോപണമാണിത്. ആരോപണം ഉന്നയിച്ച ഭാഷയും രീതിയും ബാക്കിയുള്ള കാര്യങ്ങളൊക്കെ വിലയിരുത്തി ജനങ്ങളും പാർട്ടി പ്രവർത്തകരും ഇതിൽ വിധിയെഴുതിയിട്ടുണ്ട്. പറഞ്ഞതിൽ വിശ്വാസമില്ലെന്ന് നേരത്തെ വ്യക്തമായി. ഇപ്പോൾ പറഞ്ഞ ഡിവൈഎസ്പി തന്നെ കാര്യങ്ങൾ പറഞ്ഞപ്പോൾ എല്ലാം ബോധ്യമായെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു. 'ഇതെന്താ വെള്ളരിക്കാപ്പട്ടണമോ..മന്ത്രി വിളിച്ച് എസ്പിയോട് പറയുന്നു. എസ്പി ഡിവൈഎസ്പിയോടും, അദ്ദേഹമത് നാട്ടിലുള്ള ഒരു വക്കീലിനോടും പറഞ്ഞാൽ ഇതെല്ലാം വിശ്വസിക്കുകയല്ലേ നാട്ടിലുള്ള ആളുകൾ. അതും അരിയിൽ ഷുക്കൂർ വധക്കേസിനെ കുറിച്ച് പറയുമ്പോൾ..അന്നത്തെ അന്വേഷണ ഉദ്യോഗസ്ഥൻ ചുമത്തിയ വകുപ്പുകൾ പോരെന്ന് കണ്ട് സുപ്രീം കോടതി വരെ പോയി സിബിഐ അന്വേഷണത്തിന് ഉത്തരവ് വാങ്ങിയ കേസാണിത്. ഞങ്ങൾ എത്രമാത്രം ഫൈറ്റ് നടത്തിയതാണ് ഈ കേസിൽ. അത്തരമൊരു കേസിനെ കുറിച്ചാണ് പറയുന്നത് എന്നെങ്കിലും തോന്നണ്ടെ. കേസ് നടത്തിയവർക്കൊക്കെ ഞാനതിൽ വഹിച്ച പങ്ക് അറിയാം' കുഞ്ഞാലിക്കുട്ടി പറഞ്ഞു. വിഷയം പാർട്ടി ചർച്ച ചെയ്തിരുന്നു. വിചിത്രമായ വെളിപ്പെടുത്തലാണ് എന്നാണ് ഞങ്ങൾക്ക് മനസ്സിലായത്. ഓർക്കാപ്പുറത്ത് ഇങ്ങനെ ഒരു വെളിപാട് ഇറങ്ങിയത് എന്തുകൊണ്ടാണെന്ന് ചിന്തിക്കണമല്ലോ. ആലോചിച്ചപ്പോൾ ഞങ്ങൾക്ക് കാര്യം മനസ്സിലായി. ഇതത്ര നിരുപദ്രവമല്ലെന്ന് മനസ്സിലായി. പിന്നിൽ എന്തോ ഉണ്ടെന്ന് നേരത്തെ തോന്നിയിരുന്നു. രണ്ടു മൂന്ന് ദിവസം അന്വേഷണം നടത്തിയപ്പോൾ ചില സൂചനകളൊക്കെ ഞങ്ങൾക്ക് കിട്ടിയിട്ടുമുണ്ട്. അതൊക്കെ ഊഹാപോഹങ്ങളാണ്. രണ്ടുമൂന്ന് പേരുകളൊക്കെ എയറിലുണ്ട്. കുറേ ആളുകൾ പലതും അതിന് കാരണങ്ങളും പറയുന്നുണ്ട്. കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ ഞാനിപ്പോൾ ഒന്നും പറയുന്നില്ല. പക്ഷേ ഒരു ശക്തമായ ചില സൂചനകളും ലഭിച്ചിട്ടുണ്ട്. ഈ വക്കിലീനെ കൊണ്ട് അങ്ങനെ പറയിപ്പിച്ചതിനുള്ള കാരണങ്ങളും ലഭിച്ചിട്ടുണ്ടെന്നും കുഞ്ഞാലിക്കുട്ടി കൂട്ടിച്ചേർത്തു.




## ഖത്തറിൽ തടവിലുള്ള മുൻ ഇന്ത്യൻ നാവികസേനാ ഉദ്യോഗസ്ഥരെ ഇന്ത്യൻ നയതന്ത്രസംഘം സന്ദർശിച്ചു

**ന്യൂഡൽഹി:** ഖത്തറിൽ തടവിൽ കഴിയുന്ന എട്ട് മുൻ നാവികസേനാ ഉദ്യോഗസ്ഥരെ ഇന്ത്യൻ നയതന്ത്ര ഉദ്യോഗസ്ഥർ സന്ദർശിച്ചു. രണ്ടാം തവണയാണ് ഇന്ത്യൻ നയതന്ത്ര ഉദ്യോഗസ്ഥർക്ക് ഇത്തരത്തിൽ അനുമതി ലഭിക്കുന്നത്. എംബസി ഉദ്യോഗസ്ഥർക്ക് തടവിലുള്ളവരെ കാണാൻ സാധിച്ചെന്നും അവരുടെ ആരോഗ്യസ്ഥിതി ചോദിച്ചറിഞ്ഞുവെന്നും വിദേശകാര്യമന്ത്രാലയ വക്താവ് അരിന്ദം ബഗ്ചി അറിയിച്ചു. എട്ടുപേരേയും ഉടൻ തന്നെ മോചിപ്പിക്കാനുള്ള നടപടികൾ മന്ത്രാലയം സ്വീകരിച്ചുവരുന്നതായി വക്താവ് പറഞ്ഞു. അതിനുവേണ്ട നടപടികളെക്കുറിച്ച് വ്യക്തത വരുത്താൻ കൂട്ടിക്കാഴ്ചയിലൂടെ സാധിച്ചുവെന്നും അദ്ദേഹം വ്യക്തമാക്കി. ഖത്തർ സൈന്യത്തിന് പരിശീലനവും മറ്റ് സഹായങ്ങളും നൽകുന്ന ദഹ്ര ഗ്ലോബൽ ടെക്നോളജീസ് ആൻഡ് കൺസൾട്ടൻസി സർവീസസ് എന്ന കമ്പനിയിൽ ജോലി ചെയ്തുവരുമ്പോഴാണ് ഇവർ നാലുമാസം മുമ്പ് പിടിയിലായത്. ഒമാൻ വ്യോമസേനയിലെ ഓഫീസറായിരുന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്വകാര്യസ്ഥാപനമാണിത്. ഇവർക്കെതിരെ ചുമത്തിയ കുറ്റമെന്താണെന്ന് ഖത്തർ വ്യക്തമാക്കിയിട്ടില്ല അതേസമയം, പിടിയിലായവരുടെ ദോഹയിലുള്ള കുടുംബാംഗങ്ങൾക്ക് ഇവരെ കാണാൻ സാധിച്ചിരുന്നതായും ഇന്ത്യയിലുള്ള കുടുംബാംഗങ്ങളുമായി കൂടിക്കാഴ്ചയ്ക്ക് കേന്ദ്രം ശ്രമം നടത്തുന്നതായും വിദേശകാര്യമന്ത്രാലയം അറിയിച്ചു. ദോഹയിലെ കുടുംബാംഗങ്ങൾക്ക് ആഴ്ച തോറും കാണാൻ സാധിക്കുന്നുണ്ടെന്ന് നേരത്തെ തന്നെ മന്ത്രാലയം അറിയിച്ചിരുന്നു.

## ഷുക്കൂർ വധം: 'കുഞ്ഞാലിക്കുട്ടി ഇടപെട്ടത് രാഷ്ട്രീയ കൊടുക്കൽ വാങ്ങലിന്റെ ഭാഗം'- അഭിഭാഷകൻ

കണ്ണൂർ: മുസ്‌ലിം ലീഗ് പ്രവർത്തകൻ അരിയിൽ ഷുക്കൂർ വധക്കേസിൽ സി.പി.എം. നേതാവ് പി. ജയരാജനെതിരായ കൊലക്കുറ്റം ഒഴിവാക്കാൻ പി.കെ. കുഞ്ഞാലിക്കുട്ടി ഇടപെട്ടന്ന ആരോപണത്തിൽ ഉറച്ച് മുൻ സി.എം.പി. നേതാവും അഭിഭാഷകനുമായ ടി.പി. ഹരീന്ദ്രൻ. കുഞ്ഞാലിക്കുട്ടിക്ക് യാതൊരു രാഷ്ട്രീയ ധാർമികതയും ഇല്ലെന്നും രാഷ്ട്രീയമായ കൊടുക്കൽ വാങ്ങലുകളുടെ ഭാഗമായാണ് കൊലക്കുറ്റം ചുമത്താതിരുന്നതെന്നും അഡ്വ. ടി.പി. ഹരീന്ദ്രൻ പറഞ്ഞു. ഇ.പി. ജയരാജനെതിരായ ആരോപണം സി.പി.എമ്മിന്റെ ആഭ്യന്തരപ്രശ്നമാണെന്ന കുഞ്ഞാലിക്കുട്ടിയുടെ നിലപാടണ് ഇപ്പോൾ ഇക്കാര്യം വെളിപ്പെടുത്താനുള്ള പെട്ടന്നുള്ള കാരണമെന്നും അദ്ദേഹം വ്യക്തമാക്കി. കേസ് സി.ബി.ഐ. അന്വേഷിച്ചപ്പോൾ ചിത്രമാകെ മാറി. ആയൂർവേദ ആശുപത്രിയിൽ വെച്ച് ഗൂഢാലോചന നടത്തിയെന്നാണ് ആരോപണം. അപ്പോൾ ഏത് വകുപ്പാണ് ചുമത്തേണ്ടതെന്ന് താനല്ല, ഏത് ക്രിമിനൽ അഭിഭാഷകനും അറിയാവുന്ന കാര്യമാണ്. ജയരാജനെപ്പോലെയൊരു വലിയ രാഷ്ട്രീയ നേതാവിനെ കേസിൽ പ്രതിയാക്കിയാൽ കണ്ണൂർ കത്തും. അത് ഒഴിവാക്കാൻ വേണ്ടി വളരേ വിവേകബുദ്ധിയോടെ കുഞ്ഞാലിക്കുട്ടി പറഞ്ഞു എന്ന അഭിപ്രായം ഒരുവിഭാഗത്തിനുണ്ട്. മറ്റൊരു കൂട്ടർ ഇത് രാഷ്ട്രീയമായ കൊടുക്കൽ വാങ്ങൽ കാരണമാണെന്ന് പറയുന്നു. രാഷ്ട്രീയത്തിൽ ഇന്ന് കൊടുക്കൽ വാങ്ങലുകളുടെ കാലമാണ്. ഒരു ആത്മാർഥതയുമില്ല. പി. ജയരാജനെതിരായി കൊലക്കുറ്റം ചുമത്തരുതെന്ന് കുഞ്ഞാലിക്കുട്ടി ആവശ്യപ്പെട്ടത് ഇത്തരം രാഷ്ട്രീയ കൊടുക്കൽ വാങ്ങലിന്റെ ഭാഗമായാണ് എന്നാണ് തന്റെ വിശ്വാസം. അല്ലാതെ കണ്ണൂർ കത്തും എന്നുള്ളത് ഒഴിവാക്കാൻ ഭരണാധിപന്റെ വിവേചന ബുദ്ധി ഉപയോഗിച്ചതാണ് എന്നൊന്നും കരുതുന്നില്ലെന്നും ടി.പി. ഹരീന്ദ്രൻ പറഞ്ഞു. 'വലിയ വകുപ്പുകൾ ചേർത്ത് രേഖപ്പെടുത്തേണ്ട കേസ് നിസാര വകുപ്പുകൾ ഉൾപ്പെടുത്തി, ആവശ്യമായ വകുപ്പുകളൊന്നും ചുമത്താതെ സാധാരണയായി ആരും ഉപയോഗിക്കാത്ത വകുപ്പുകളൊക്കെ ചേർത്തതിലാണ് രാഷ്ട്രീയധാർമ്മികതയല്ലയെന്ന് ഞാൻ പറയുന്നത്. ഇക്കാര്യത്തിൽ ഒരു രാഷ്ട്രീയ ധാർമ്മികതയും ഇല്ലാത്ത ആളാണ് കുഞ്ഞാലിക്കുട്ടി, മറ്റുള്ള കാര്യത്തിലൊന്നും ഞാൻ പറയുന്നില്ല. രാത്രി പോലീസുകാർ വന്ന് ചർച്ച ചെയ്ത് ചുമത്തേണ്ട വകുപ്പുകളിൽ ധാരണയായി. എന്നാൽ, രാവിലെയായപ്പോൾ അത് മാറി. എങ്ങനെയെന്ന എന്റെ ചോദ്യത്തിനാണ്, എനിക്കിപ്പോൾ ലഭിച്ചിരിക്കുന്ന മറുപടി ഇതാണ്.'- അദ്ദേഹം കൂട്ടിച്ചേർത്തു. പി. ജയരാജനെതിരായ കൊലക്കുറ്റം ഒഴിവാക്കയതിൽ അന്നത്തെ എസ്.പി. രാഹുൽ ആർ. നായർക്ക് പങ്കുണ്ടോ എന്ന ചോദ്യത്തിന് പോലീസുകാരുടെ ശോചനീയവസ്ഥ നമുക്ക് അറിയാമല്ലോ എന്നായിരുന്നു മറുപടി. എല്ലാ എസ്.പിമാരും ഒരുപോലെയായിരിക്കില്ലല്ലോ എന്നു ചോദിച്ച അദ്ദേഹം മനോജ് എബ്രഹാമിനെപ്പോലെ, ധീരമായ നടപടികൾ സ്വീകരിച്ചിരുന്ന എസ്.പിമാർ ഇവിടെയുണ്ടായിരുന്നു അഭിപ്രായപ്പെട്ടു. ഇങ്ങനെയൊരു വെളിപ്പെടുത്തൽ വേണ്ടായിരുന്നെന്ന് കെ.പി.സി.സി. പ്രസിഡന്റ് കെ. സുധാകരൻ പറഞ്ഞതായും മുൻപ സുധാകരനോട് സംസാരിച്ചിരുന്നോ എന്ന ചോദ്യത്തിന് ഓർമ്മയില്ലെന്നും അദ്ദേഹം മറുപടി നൽകി. അതേസമയം, കുഞ്ഞാലിക്കുട്ടിക്കെതിരായ ആരോപണം തള്ളി മുൻ ഡി.വൈ.എസ്.പി. പി. സുകുമാരൻ രംഗത്തെത്തി. കേസിന്റെ ഒരു ഘട്ടത്തിലും ടി.പി. ഹരീന്ദ്രനുമായി സംസാരിച്ചിട്ടില്ല. ഉപദേശം സ്വീകരിച്ചിട്ടില്ല, ചർച്ച ചെയ്തിട്ടില്ല, അഭിപ്രായം രേഖപ്പെടുത്തിയിട്ടുമില്ല. കുഞ്ഞാലിക്കുട്ടി തന്റെ സംഘത്തിലെ ആരേയും ബന്ധപ്പെട്ടിട്ടില്ല. എസ്.പി. അങ്ങനെയൊരു അഭിപ്രായം പറഞ്ഞിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.







## ചോര കൊണ്ടുള്ള കളി വേണ്ട; തമിഴ്നാട്ടിൽ 'ബ്ലഡ് ആർട്ട്' നിരോധിച്ച് സർക്കാർ, ക്രിമിനൽ നടപടി

**ചെന്നൈ:** തമിഴ്നാട്ടിൽ 'ബ്ലഡ് ആർട്ടി'ന് നിരോധനം ഏർപ്പെടുത്തി സംസ്ഥാന സർക്കാർ. ചിത്രങ്ങൾ വരയ്ക്കാൻ രക്തവും ഉപയോഗിക്കുന്നത് വ്യാപകമായതോടെയാണ് 'ബ്ലഡ് ആർട്ട്' നിരോധിക്കാൻ സംസ്ഥാന സർക്കാർ തീരുമാനമെടുത്തത്. ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നവർക്കെതിരേ ക്രിമിനൽ നടപടികൾ സ്വീകരിക്കുമെന്ന് ആരോഗ്യമന്ത്രി എം.സുബ്രഹ്മണ്യൻ മാധ്യമങ്ങളോട് പറഞ്ഞു. രക്തം ശേഖരിച്ച് ഛായാചിത്രങ്ങളും മറ്റും വരയ്ക്കുന്നതിന് അത് ഉപയോഗിക്കുന്ന പുതിയൊരു സംസ്കാരം തമിഴ്നാട്ടിൽ പ്രചരിക്കുന്നുണ്ട്. ഇത് തീർത്തും അപലപനീയമാണ്. രക്തദാനം ഏറെ പവിത്രമായ ഒരുകാര്യമാണ്. എന്നാൽ ഇത്തരം ബാലിശമായ കാര്യങ്ങൾക്ക് രക്തം ശേഖരിക്കുന്നതും ഉപയോഗിക്കുന്നതും അംഗീകരിക്കാനാകില്ലെന്നും മന്ത്രി വ്യക്തമാക്കി. ഇത്തരം കേന്ദ്രങ്ങളിൽ വൃത്തിയില്ലാതെയും യാതൊരു നിബന്ധനകളും പാലിക്കാതെയുമാണ് രക്തം ശേഖരിക്കുന്നത്. രക്തം ശേഖരിക്കുന്ന സൂചി ഒരുപക്ഷേ, നിരവധിപേരിൽ ഉപയോഗിക്കാം. അത് മാരകമായ അണുബാധയ്ക്ക് വരെ കാരണമാകും. ബ്ലഡ് ആർട്ടിനെ സംബന്ധിച്ച് വിവരം ലഭിച്ചതിന് പിന്നാലെ ആരോഗ്യവിഭാഗം ചെന്നൈ ടി നഗറിലെയും വടപളനിയിലെയും കേന്ദ്രങ്ങളിൽ പരിശോധന നടത്തി. ഇവിടെനിന്ന് രക്തം സൂക്ഷിച്ച കുപ്പികളും സിറിഞ്ചുകളും ഉറ്റു ഉപകരണങ്ങളും പിടിച്ചെടുത്തതായും മന്ത്രി അറിയിച്ചു. അതിനാൽ ഇന്നലെമുതൽ ബ്ലഡ് ആർട്ട് നിരോധിക്കുകയാണ്. ആരെങ്കിലും ഇത് തുടർന്നാൽ ഉചിതമായ നടപടി സ്വീകരിക്കും. ഇത്തരം കാര്യങ്ങളിൽ ആസക്തരാകരുതെന്നും യുവാക്കളോട് മന്ത്രി അഭ്യർഥിച്ചു.







## ആന്റെണിയുടെ പരാമർശത്തിനൊപ്പം സതീശനടക്കമുള്ളവർ, ഉണ്ണിത്താന് ഭിന്നത; സിപിഎമ്മിന് എതിർപ്പ്, ചർച്ച കൊഴുക്കുന്നു


**തിരുവനന്തപുരം :** കുറി തൊടുന്നവരെയും അമ്പലത്തിൽ പോകുന്നവരെയും മൃതുഹിന്ദുത്വം പറഞ്ഞ് മാറ്റിനിർത്തരുതെന്ന എകെ ആൻറണിയുടെ പ്രസ്താവനയെ ചൊല്ലി കോൺഗ്രസിൽ ഭിന്നത. പ്രതിപക്ഷനേതാവ് വിഡി സതീശനും കെ മുരളീധരനും അടക്കം എകെ ആൻറണിയെ പിന്തുണച്ചപ്പോൾ കോൺഗ്രസ് സാമൂദായിക സംഘടനയല്ലെന്ന് രാജ്മോഹൻ ഉണ്ണിത്താൻ പ്രതികരിച്ചു. മൃദുഹിന്ദുത്വം കൊണ്ട് ബിജെപിയെ നേരിടാനാകില്ലെന്നായിരുന്നു സിപിഎം നിലപാട്. ദേശീയ തലത്തിൽ ബിജെപിയെ തോൽപ്പിക്കാനായി കോൺഗ്രസ് മൃദുഹിന്ദുത്വം സ്വീകരിക്കുന്നത് തിരിച്ചടിയുണ്ടാക്കുമെന്ന് മുസ്ലീംലീഗടക്കം പാർട്ടികൾ വിമർശനമുന്നയിക്കുന്ന സാഹചര്യത്തിലാണ് എകെ ആൻറണി ചിലകാര്യങ്ങൾ തുറന്ന് പറഞ്ഞത്. ചന്ദനക്കുറി ഇട്ടത് കൊണ്ടോ അമ്പലത്തിൽ പോയത് കൊണ്ടോ മൃദുഹിന്ദുത്വമാകില്ല. അവരെ കൂടി ഉൾപ്പെടുത്തിയാലേ നരേന്ദ്ര മോദിക്കെതിരായ പോരാട്ടം വിജയിക്കുകയുള്ളൂ. സിപിഎം ന്യൂനപക്ഷങ്ങളുമായി അടുക്കുകയും അവരുടെ ഹിന്ദു കേഡർ വോട്ടുകൾ അവരെ സഹായിക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ കോൺഗ്രസ് ഒററപ്പെടടുപോകുന്നുവെന്ന തിരിച്ചറിവിലാണ് എകെ ആൻറണിയുടെ പ്രസ്താവവന. എന്നാൽ ഇതിനെ എതിർത്ത് കൊണ്ടാണ് രാജമോഹൻ ഉണ്ണിത്താൻ പ്രതികരിച്ചത്. കോൺഗ്രസ് സാമൂദായിക സംഘടനയല്ലെന്നായിരുന്നു ഉണ്ണിത്താന്റെ പ്രതികരണം. കോൺഗ്രസ് എല്ലാക്കാലത്തും മൃദുഹിന്ദുത്വമാണ് സ്വീകരിക്കുന്നതെന്ന് കുറ്റപ്പെടുത്തി സിപിഎം സംസ്ഥാന സെക്രട്ടറി എംവി ഗോവിന്ദൻ അവർക്ക് ഫാസിസത്തെ നേരിടാനാകില്ലെന്നും പറഞ്ഞു. കോൺഗ്രസിൽ നിന്ന് പല നേതാക്കളും ബിജെപിയിലേക്ക് ചേക്കേറുന്നതും ബിജെപിയെ തോൽപ്പിക്കാനായി പല കോൺഗ്രസ് നേതാക്കളും വർഗീയത പറയുന്നുവെന്നുമൊക്കെയുള്ള വിമർശനങ്ങൾക്കിടെയാണ് മൃദുഹിന്ദുത്വത്തെ അനുകൂലിച്ച് എകെ ആന്റണി നിലപാടെടുത്തത്. മുസ്ലീംലീഗ് ഇക്കാര്യത്തിൽ പ്രതികരിച്ചിട്ടില്ല. ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഒരുക്കങ്ങളിലേക്ക് എല്ലാ പാർട്ടികളും കടന്നിരിക്കെയാണ് വളരെ

special-news




# ജനുവരി മുതൽ ആറ് രാജ്യങ്ങളിൽ നിന്ന് വരുന്നവർക്ക് കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് നിർബന്ധം

ന്യൂഡൽഹി: ജനുവരി ഒന്നു മുതൽ ആറ് രാജ്യങ്ങളിൽ നിന്ന് ഇന്ത്യയിലേക്ക് പ്രവേശിക്കുന്ന യാത്രികർക്ക് കോവിഡ് ആർടിപിസിആർ നെഗറ്റീവ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കി കേന്ദ്ര സർക്കാർ. ചൈന, ഹോങ്കോങ്, ജപ്പാൻ, സൗത്ത് കൊറിയ, സിംഗപ്പൂർ, തായ്‌ലൻഡ് എന്നീ രാജ്യങ്ങളിൽ നിന്ന് ഇന്ത്യയിലെത്തുന്നവർക്കാണ് കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയത്. കേന്ദ്ര ആരോഗ്യ മന്ത്രി മൻസുഖ് മാണ്ഡവ്യയാണ് ഇക്കാര്യം അറിയിച്ചത്.ഈ രാജ്യങ്ങളിൽ നിന്നുള്ള യാത്രക്കാർ യാത്ര പുറപ്പെടുന്നതിന് മുമ്പ് സർക്കാരിന്റെ എയർ സുവിധ പോർട്ടലിൽ അവരുടെ ടെസ്റ്റ് റിപ്പോർട്ടുകൾ അപ്ലോഡ് ചെയ്യേണ്ടതുണ്ടെന്ന് കേന്ദ്ര ആരോഗ്യ മന്ത്രി ടിറ്ററിലൂടെ അറിയിച്ചു.ചൈനയിലും കിഴക്ക് ഏഷ്യൻ രാജ്യങ്ങളിലും കോവിഡ് കേസുകൾ വർധിച്ചുവരുന്ന സാഹചര്യത്തിലാണ് നടപടി. അതേസമയം, പിടിയിലായവരുടെ ദോഹയിലുള്ള കുടുംബാംഗങ്ങൾക്ക് ഇവരെ കാണാൻ സാധിച്ചിരുന്നതായും ഇന്ത്യയിലുള്ള കുടുംബാംഗങ്ങളുമായി കൂടിക്കാഴ്ചയ്ക്ക് കേന്ദ്രം ശ്രമം നടത്തുന്നതായും വിദേശകാര്യമന്ത്രാലയം അറിയിച്ചു. ദോഹയിലെ കുടുംബാംഗങ്ങൾക്ക് ആഴ്ച തോറും കാണാൻ സാധിക്കുന്നുണ്ടെന്ന് നേരത്തെ തന്നെ മന്ത്രാലയം അറിയിച്ചിരുന്നു.






# കൊല്ലത്ത് ആൽത്തറയിൽ പെൺകുട്ടികൾ ഇരിക്കുന്നത് വിലക്കി ബോർഡ് സ്ഥാപിച്ചു; ഒന്നിച്ചിരുന്ന് പ്രതിഷേധ മറിയിച്ച് ഡി വൈ എഫ് ഐ പ്രവർത്തകർ

കൊല്ലം: ശാസ്താംകോട്ട ടൗണിൽ പെൺകുട്ടികൾക്ക് ആൽത്തറയിൽ ഇരിക്കാൻ വിലക്കേർപ്പെടുത്തി ബോർഡ് സ്ഥാപിച്ചു. ദിവസങ്ങൾക്ക് മുൻപ് പ്രത്യക്ഷപ്പെട്ട ബോർഡ് ശ്രദ്ധയിൽപ്പെട്ടതിന് പിന്നാലെ ഡിവൈഎഫ്ഐ പ്രവർത്തകർ പ്രതിഷേധവുമായി രംഗത്തെത്തി. വിവാദ ബോർഡ് സ്ഥാപിച്ച ആൽത്തറയിൽ പെൺകുട്ടികളോടൊപ്പം ഇരിക്കുന്നതിന്റെ ചിത്രങ്ങൾ ഡിവൈഎഫ്ഐ പ്രവർത്തകർ സോഷ്യൽ മീഡിയയിൽ പങ്കുവെച്ചു. ശാസ്താംകോട്ട കോളേജ് റോഡിന് സമീപമുള്ള ആൽത്തറയിലാണ് വിവാദ ബോർഡ് പ്രത്യക്ഷപ്പെട്ടത്. ഇവിടെ വിളക്ക് തെളിയിക്കുകയും ഉത്സവത്തിന് ഇറക്കി പൂജ നടത്തുന്ന പതിവുമുണ്ട്. ഇവിടെയുണ്ടായിരുന്ന ആൽ നശിച്ചതിന് പിന്നാലെ മുറിച്ച് മാറ്റിയിരുന്നു. മുറിച്ച് മാറ്റിയ സ്ഥലത്ത് ശിവലിംഗ രൂപത്തിലുള്ള കല്ല് കണ്ടെത്തിയതിന് പിന്നാലെ തർക്കം ഉടലെടുത്തിരുന്നു. സംഘർഷാവസ്ഥയെ തുടർന്ന് കല്ല് തഹസീൽദാർ ഏറ്റെടുത്ത് വില്ലേജ് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇതേ സ്ഥലത്താണ് പെൺകുട്ടികൾ ഇരിക്കുന്നതിൽ വിലക്കേർപ്പെടുത്തിയ ബോർഡ് പ്രത്യക്ഷപ്പെട്ടത്. ബോർഡ് സ്ഥാപിച്ചതിൽ പ്രതിഷേധമറിയിക്കാനായി കുടുംബസമേതമായി എത്തിയ ഡിവൈഎഫ്ഐ പ്രവർത്തകർ ആൽത്തറയ്ക്ക് മുന്നിലിരിക്കുന്ന ചിത്രം സാമൂഹ്യ മാദ്ധ്യമത്തിൽ പങ്കുവെയ്ക്കുകയായിരുന്നു. അതോടൊപ്പം പെൺകുട്ടികളെ വിലക്കുന്ന ബോർഡ് കീറി എറിഞ്ഞതായും 'എല്ലാവർക്കും ഇരിക്കാം' എന്ന് പുതിയ ബോർഡ് തൂക്കിയെന്നും ഡിവൈഎഫ്ഐ പ്രവർത്തകർ പോസ്റ്റിൽ കുറിച്ചു. അതേ സമയം തിരുവനന്തപുരം സിഇടി കോളേജിലെ വിദ്യാർത്ഥികൾ കാത്തിരിപ്പ് കേന്ദ്രത്തിൽ ഒന്നിച്ചിരിക്കുന്നത് തടയാൻ ബെഞ്ച് മാതൃകയിൽ ഉണ്ടായിരുന്ന ഇരിപ്പിടം മുറിച്ചുമാറ്റിയത് വിവാദമായിരുന്നു. കഴിഞ്ഞ ജൂലൈയിൽ സ്ഥലത്തെ റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ ബെഞ്ച് മാതൃകയിലുള്ള ഇരിപ്പിടം മുറിച്ചുമാറ്റി ഒരാളിന് ഇരിക്കാവുന്ന ഒറ്റസീറ്റ് ഇരിപ്പിടം നിർമ്മിക്കുകയായിരുന്നു. സംഭവത്തിനെതിരെ വിദ്യാർത്ഥികൾ ഒന്നിച്ചിരുന്ന് പ്രതിഷേധിക്കുകയും സെൽഫിയെടുത്ത് സമൂഹ മാദ്ധ്യമങ്ങളിൽ പോസ്റ്റിടുകയും ചെയ്തതോടെ വിദ്യാർത്ഥി സംഘടനകൾ പിന്തുണയുമായെത്തിയിരുന്നു.




# കണ്ണൂർ VC പുനർനിയമനം: സുപ്രീം കോടതിയിൽ വക്കാലത്തിടാതെ

കണ്ണൂർ സർവകലാശാല വി.സി. ഡോ. ഗോപിനാഥ് രവീന്ദ്രന്റെ പുനർനിയമനത്തിനെതിരായ ഹർജിയിൽ സുപ്രീം കോടതി നോട്ടീസ് ലഭിച്ചിട്ടും ചാൻസലർ കൂടിയായ ഗവർണറുടെ അഭിഭാഷകൻ വക്കാലത്ത് ഇട്ടില്ല. എന്നാൽ സുപ്രീം കോടതി നോട്ടീസിന് മറുപടി നൽകാൻ നാലാഴ്ചത്തെ സമയംതേടി ഡോ. ഗോപിനാഥ് രവീന്ദ്രന്റെ അഭിഭാഷകൻ സുപ്രീം കോടതിക്ക് കത്തു നൽകി. ഇതിനിടെ പുനർനിയമനത്തിന് യുജിസി ചട്ടങ്ങൾ ബാധകമല്ലെന്ന് വ്യക്തമാക്കി കണ്ണൂർ സർവകലാശാല സുപ്രീം കോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തു. കേസിൽ സംസ്ഥാന സർക്കാരും ഇതുവരെ സുപ്രീം കോടതിയിൽ മറുപടി സത്യവാങ്മൂലം ഫയൽ ചെയ്തിട്ടില്ല. കണ്ണൂർ സർവകലാശാല സെനറ്റംഗം ഡോക്ടർ പ്രേമചന്ദ്രൻ കീഴോത്ത്, അക്കാദമിക് കൗൺസിൽ അംഗം ഷിനോ പി. ജോസ് എന്നിവരാണ് ഡോ. ഗോപിനാഥ് രവീന്ദ്രന്റെ പുനർനിയമനം ചോദ്യം ചെയ്ത് സുപ്രീം കോടതിയെ സമീപിച്ചത്. ഇരുവരുടെയും ഹർജി പരിഗണിച്ച ജസ്റ്റിസ് അബ്ദുൾ നസീർ അധ്യക്ഷനായ ബെഞ്ച് ഏപ്രിലിൽ എതിർകക്ഷിയായ ചാൻസലർ ഉൾപ്പെടെയുള്ളവർക്ക് നോട്ടീസ് അയച്ചു. എന്നാൽ എട്ട് മാസങ്ങൾ പിന്നിട്ടിട്ടും ചാൻസലർ കൂടിയായ ഗവർണർക്കുവേണ്ടി അഭിഭാഷകരാരും ഇതുവരെ വക്കാലത്ത് ഇട്ടിട്ടില്ല. ചാൻസലറായ ഗവർണർക്കുവേണ്ടി സുപ്രീം കോടതിയിൽ ഏത് അഭിഭാഷകൻ ഹാജരാകും എന്നതിനെ സംബന്ധിച്ചും അവ്യക്തത തുടരുകയാണ്. സാങ്കേതിക സർവകലാശാല കേസിൽ ഗവർണർക്കുവേണ്ടി ഹാജരായത് സംസ്ഥാന സർക്കാരിന്റെ സ്റ്റാൻഡിങ് കോൺസൽ സി.കെ ശശി ആയിരുന്നു. എന്നാൽ സംസ്ഥാന സർക്കാരും, ഗവർണറും തമ്മിലുള്ള ബന്ധം വഷളായതിനുശേഷം സുപ്രീം കോടതിയുടെ പരിഗണനയ്ക്ക് വന്ന ഫിഷറീസ് സർവകലാശാല വിസി നിയമനവുമായി ബന്ധപ്പെട്ട കേസിൽ ഗവർണർക്കുവേണ്ടി വക്കാലത്ത് ഇട്ടത് വെങ്കിട്ട സുബ്രഹ്മണ്യം ആയിരുന്നു. എന്നാൽ കണ്ണൂർ സർവ്വകലാശാല വിസിയുടെ പുനർനിയമനവുമായി ബന്ധപെട്ട കേസിൽ ഗവർണർക്കുവേണ്ടി സുപ്രീം കോടതിയിൽ ആരാണ് ഹാജരാകുന്നത് എന്ന കാര്യത്തിൽ ഇതുവരെയും വ്യക്തത ഇല്ല. കണ്ണൂർ വിസി പുനർനിയമനവുമായി ബന്ധപ്പെട്ട കേസ് സുപ്രീം കോടതി ഇനി പരിഗണിക്കുന്നത് ജനുവരി രണ്ടിനാണ്. അന്ന് കേസ് പരിഗണിക്കുന്നത് മാറ്റിവെക്കണമെന്ന് ആവശ്യപ്പെട്ട് വിസിയുടെ അഭിഭാഷകൻ അനിരുദ്ധ് സംഗനെരിയ സുപ്രീം കോടതി രജിസ്ട്രാർക്ക് കത്ത് നൽകിയിട്ടുണ്ട്. നാല് ആഴ്ചത്തെ സമയമാണ് മറുപടി ഫയൽ ചെയ്യാൻ വിസി തേടിയിരിക്കുന്നത്. കേസിൽ എതിർകക്ഷിയായ സംസ്ഥാന സർക്കാരും ഇതുവരെ മറുപടി ഫയൽ ചെയ്തിട്ടില്ല. പുനർനിയമനത്തിന് യുജിസി ചട്ടം ബാധകം അല്ല : കണ്ണൂർ സർവ്വകലാശാല വിസി നിയമനവുമായി ബന്ധപ്പെട്ട 2018 ലെ യുജിസി ചട്ടങ്ങൾ പുനർനിയമനത്തിന് ബാധകമല്ലെന്ന് കണ്ണൂർ സർവകലാശാല. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത സത്യവാങ്മൂലത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. എല്ലാ നടപടിക്രമങ്ങളും പാലിച്ചാണ് വിസി ആയി ഡോ. ഗോപിനാഥ് രവീന്ദ്രന്റെ നിയമനം. അതിനാൽ തന്നെ പുനർനിയമനത്തിന് ആ നടപടിക്രമങ്ങൾ വീണ്ടും പാലിക്കേണ്ടതില്ലെന്ന് സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആദ്യ നിയമനത്തിന് മാത്രമേ ഉയർന്ന അറുപത് വയസ് എന്ന ഉയർന്ന പ്രായപരിധി നിശ്ചയിച്ചിട്ടുള്ളു. പുനർനിയമനത്തിന് ഉയർന്ന പ്രായപരിധി ബാധകം അല്ലെന്നും സത്യവാങ്മൂലത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.



# കേന്ദ്രസർക്കാർ ഭരണം കോർപ്പറേറ്റുകൾക്ക് വേണ്ടി; കർഷകർക്ക് ജീവിക്കാനാകാത്ത സാഹചര്യം, ഗവർണർമാർ വഴി

## ബിജെപി ഇതര സർക്കാരുകളെ അസ്ഥിരപ്പെടുത്താനും നീക്കമെന്ന് മുഖ്യമന്ത്രി

ഹൈദരാബാദ്: കോർപ്പറേറ്റുകൾക്കായാണ് കേന്ദ്രസർക്കാർ ഭരണം നടത്തുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.കർഷകർക്ക് രാജ്യത്ത് ജീവിക്കാനാകാത്ത സാഹചര്യമാണുള്ളതെന്നും മോദി സർക്കാർ കാർഷിക മേഖലയെ കോർപ്പറേറ്റുകൾക്ക് തീറെഴുതി നൽകിയതായും ഇതിനായാണ് കാർഷിക നിയമങ്ങൾ മാറ്റിയെഴുതിയതെന്നും അദ്ദേഹം തെലങ്കാന കർഷക തൊഴിലാളി യൂണിയൻ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനിടയിൽ പറഞ്ഞു. ഓരോ അര മണിക്കൂറിലും ഓരോ കർഷകർ വീതം ആത്മഹത്യ ചെയ്യുന്ന അവസ്ഥയാണ് ഇന്ന് രാജ്യത്തുള്ളത്. രാജ്യത്തെ 82 ശതമാനം തൊഴിലാളികൾക്കും ഇന്ന് തൊഴിൽ സുരക്ഷയില്ല. സ്വാതന്ത്ര്യ സമരകാലയളവിൽ ബ്രിട്ടീഷുകാരോട് പോരാടി ആരോഗ്യം കളയേണ്ട എന്ന് കരുതിയവരാണ് ആർഎസ്എസുകാർ. ഇന്ന് രാജ്യത്തെ ഭിന്നിപ്പിക്കാനാണ് അവർ ശ്രമിക്കുന്നതെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. കേരളത്തിലെ ഗവർണർ-സർക്കാർ തർക്കത്തിലും അദ്ദേഹം വിമർശനമുന്നയിച്ചു. ഗവർണർ സംസ്ഥാന ഭരണത്തിൽ കടന്നുകയറുന്നത് ബിജെപി ഇതര സർക്കാരുകളെ അസ്ഥിരപ്പെടുത്താനാണ് എന്നായിരുന്നു മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രസ്താവന. അതേ സമയം റിസോർട്ട് വിവാദത്തിന് പിരിമുറുകുന്നതിനിടയിൽ സിപിഎം സംസ്ഥാന സെക്രട്ടറിയേറ്റ് യോഗം നാളെ തലസ്ഥാനത്ത് നടക്കും. എൽ.ഡി.എഫ് കൺവീനറും സി.പി.എം കേന്ദ്ര കമ്മിറ്റിയംഗവുമായ ഇ.പി. ജയരാജനെതിരെ ഉയർന്ന റിസോർട്ട് വിവാദത്തിൽ തീരുമാനം സംസ്ഥാന ഘടകത്തിന് പാർട്ടി കേന്ദ്ര നേതൃത്വം വിട്ടതിന് പിന്നാലെയാണ് യോഗം ചേരുന്നത്. സെക്രട്ടറിയേറ്റ് യോഗത്തിൽ ആരോപണ വിധേയനായ സിപിഎം നേതാവ് നൽകുന്ന വിശദീകരണത്തിലും അതിന്മേൽ നടക്കുന്ന ചർച്ചയിലുമായിരിക്കും





# പഠാൻ സിനിമയിൽ ചില മാറ്റങ്ങൾ വേണമെന്ന് കേന്ദ്ര സെൻസർ ബോർഡ്

**മുംബൈ:** ജനുവരി 25ന് റിലീസ് ചെയ്യാൻ ഇരിക്കെ ഷാരൂഖ് ഖാൻ നായകനാകുന്ന പഠാൻ ചിത്രത്തിൽ മാറ്റങ്ങൾ വരുത്താൻ നിർദേശിച്ച് സെൻസർ ബോർഡ്. സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ (സിബിഎഫ്സി)യാണ് ചിത്രത്തിൻറെ നിർമ്മാതാക്കൾക്ക് നിർദേശം നൽകിയത് എന്നാണ് റിപ്പോർട്ട്. ചിത്രത്തിലെ ചില ഭാഗങ്ങളിൽ ഗാനങ്ങളിൽ അടക്കം മാറ്റം വരുത്തി ചിത്രം വീണ്ടും സർട്ടിഫിക്കേഷന് സമർപ്പിക്കാൻ സിബിഎഫ്സി ചെയർപേഴ്സൺ പ്രസൂൺ ജോഷി നിർദേശിച്ചുവെന്നാണ് എഎൻഐയുടെ റിപ്പോർട്ട് പറയുന്നത്. സിനിമ അടുത്തിടെയാണ് സർട്ടിഫിക്കേഷനായി സിബിഎഫ്സി കമ്മിറ്റിക്ക് മുന്നിൽ എത്തിയത്. ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് കൃത്യവും സമഗ്രവുമായ പരിശോധനകൾക്ക് ശേഷമാണ് മാറ്റങ്ങൾ നിർദേശിച്ചത് എന്നാണ് റിപ്പോർട്ടുകൾ പറയുന്നത്. നാല് വർഷം നീണ്ട ഇടവേളയ്ക്കു ശേഷം എത്തുന്ന ഷാരൂഖ് ഖാൻ ചിത്രം എന്ന പേരിൽ വലിയ പ്രീ റിലീസ് ഹൈപ്പ് ഉയർത്തിയ ചിത്രമായിരുന്നു പഠാൻ. എന്നാൽ നാളുകൾക്ക് മുൻപ് ചിത്രത്തിലെ ബെഷ്റം രം?ഗ് എന്ന ആദ്യ?ഗാനം റിലീസ് ചെയ്തതോടെ വിവാദങ്ങൾ പൊട്ടിപ്പുറപ്പെടുക ആയിരുന്നു. ?ഗാനരം?ഗത്ത് ദീപിക കാവി നിറത്തിലുള്ള ബിക്കിനി ധരിച്ചിരുന്നു. ഇതാണ് ഒരുവിഭാ?ഗത്തെ ചൊടിപ്പിച്ചത്. പിന്നാലെ ചിത്രം പ്രദർശിപ്പിക്കരുതെന്നും ബഹിഷ്കരിക്കണമെന്നുമുള്ള ആഹ്വാനങ്ങൾ ഉയർന്നു. എന്നാൽ വിവാദങ്ങൾ ഒരു വഴിക്ക് പുരോഗമിക്കുമ്പോൾ ചിത്രം ഉണ്ടാക്കുന്ന ഹൈപ്പിൽ പ്രീ റിലീസ് ബിസിനസ് നന്നായി നടക്കുന്നു എന്നാണ് റിപ്പോർട്ട്. പഠാൻറെ ഒടിടി അവകാശങ്ങൾ ഇതിനകം തന്നെ കോടികൾക്ക് വിറ്റുപോയതായാണ് റിപ്പോർട്ട്. ആമസോൺ പ്രൈം വീഡിയോ പഠാൻറെ ഒടിടി അവകാശം സ്വന്തമാക്കിയെന്നാണ് വിവരം. ജനുവരിയിൽ തീയറ്ററിൽ എത്തുന്ന പഠാൻ മാർച്ച് അവസാനമോ ഏപ്രിൽ ആദ്യമോ ഒടിടി റിലീസ് ചെയ്യുമെന്നാണ് റിപ്പോർട്ടുകൾ പറയുന്നത്. പഠാൻറെ ഒടിടി റിലീസിനെക്കുറിച്ച് നിലവിൽ ഔദ്യോഗിക അറിയിപ്പൊന്നും അണിയറക്കാർ നൽകുന്നില്ല. എന്നാൽ ബോളിവുഡിലെ ചില വൃത്തങ്ങളെ ഉദ്ധരിച്ച് സൂം റിപ്പോർട്ട് ചെയ്യുന്നത് പ്രകാരം, ഡിജിറ്റൽ സ്ട്രീമിംഗ് അവകാശം ശനിയാഴ്ച 100 കോടി രൂപയ്ക്കാണ് ആമസോൺ പ്രൈം വാങ്ങിയത് എന്നാണ് വിവരം





# നഷ്ട നൊമ്പരങ്ങൾ @ 2022

ഇന്ത്യൻ സംഗീത ലോകം ചില അപ്രതീക്ഷിത വിയോഗങ്ങൾക്കു സാക്ഷ്യം വഹിച്ച വർഷമാണ് 2022. ഇതിഹാസ ഗായിക ലതാ മങ്കേഷ്കർ, ഗായകനും സംഗീതസംവിധായകനുമായ ബപ്പി ലഹിരി, ഗായകൻ കെകെ എന്നിവരുടെ മരണവാർത്ത ബോളിവുഡിനെ ഉലച്ചു കളഞ്ഞു. ഈ വർഷം ഗൂഗിളിൽ ഏറ്റവുമധികം ആളുകൾ തിരഞ്ഞ സംഗീതവാർത്തകളിൽ ഇവ മൂന്നും ഉൾപ്പെടുന്നു. കൂടാതെ  കൊറിയൻ ബാൻഡ് ബിടിഎസിന്റെ വേർപിരിയലും 'തിരച്ചില്' പട്ടികയിലുണ്ട്. ഈ വർഷം സംഗീതലോകത്തുണ്ടായ നഷ്ടങ്ങൾ:

## സ്വരവിസ്മയം അഥവാ ലത

പാടിപ്പാടി ഗിന്നസ്ബുക്കിന്റെ താളിൽവരെ ഇടം നേടിയ ഈ ശബ്ദം. ഏഴുപതിറ്റാണ്ടിലേറെയായി ഏതൊരു ഇന്ത്യക്കാരന്റെയും ഇടനെഞ്ചിന്റെ ഈണമായിരുന്നു ലത മങ്കേഷ്കർ എന്ന സ്വരസൗന്ദര്യം. പ്രണയങ്ങൾക്കും വിരഹങ്ങൾക്കും സങ്കടങ്ങൾക്കും സന്തോഷങ്ങൾക്കുമെല്ലാം പിന്നണിയിൽ ആ സ്വരമുണ്ടായിരുന്നു. തലമുറകളിൽ നിന്നു തലമുറകളിലേക്ക് പകർന്നൊഴുകിയ സ്വരത്തിനുടമയെ ഒടുവിൽ രാജ്യം വിളിച്ചു, വാനമ്പാടിയെന്ന്. രാജ്യം സ്വാതന്ത്ര്യം തേടുന്നതിനുമുൻപ് 1942 ൽ തന്നെ ലത ചലച്ചിത്ര പിന്നണി ഗാനരംഗത്തേക്കു പിച്ചവച്ചിരുന്നു.

ലത മങ്കേഷ്കർ എത്ര ഗാനം പാടിയിട്ടുണ്ടാവും എന്നതിനു കൃത്യമായ കണക്കില്ല. കണക്കു സൂക്ഷിച്ചുവയ്ക്കാറില്ലെന്ന് ലത തന്നെ പറഞ്ഞിട്ടുണ്ട്. 1948 നും 1974നുനിടയിൽ 20 ഇന്ത്യൻ ഭാഷകളിലായി 25,000 ഓളം പാട്ടുകൾ പാടിയതിന്റെ പേരിലാണ് 1974ൽ ഗിന്നസ് ബുക്ക് ഓഫ് റെക്കോർഡ്സിൽ ലതയുടെ പേര് ഇടം പിടിച്ചത്. എന്നാൽ താൻ 28,000 ഗാനങ്ങൾ പാടിയിട്ടുണ്ടെന്നു ചൂണ്ടിക്കാട്ടി മുഹമ്മദ് റഫി ഇതിനെ എതിർത്ത് രംഗത്തുവന്നിരുന്നു. റഫിയുടെ മരണശേഷം ഗിന്നസ് ബുക്ക് ഓഫ് റെക്കോർഡ്സിന്റെ 1984 പതിപ്പിൽ ലതയുടെ ഗാനങ്ങളുടെ എണ്ണം 30,000 ആയി പുതുക്കി. എന്നാൽ, ചലച്ചിത്രേതര ഗാനങ്ങൾ കൂടി കണക്കാക്കുമ്പോൾ ലത അരലക്ഷത്തിലേറെ പാട്ടുകൾ പാടിയതായി ആസ്വാദകർ ചൂണ്ടിക്കാട്ടുന്നു.

കണക്കില്ലാതെ പാട്ടുകൾ പാടി രാജ്യത്തിന്റെ ഹൃദയം ഒന്നാകെ കവർന്ന ലത മങ്കേഷ്കറിന്റെ വിയോഗവാർത്ത ഞെട്ടലോടെയാണ് ലോകം കേട്ടത്.

ഈ വർഷം ഫെബ്രുവരി 6നായിരുന്നു ലതയുടെ വിയോഗം. കോവിഡും ന്യുമോണിയയും ബാധിച്ച് ജനുവരി 8 മുതൽ മുംബൈയിലെ ബ്രീച്ച് കാൻഡി ആശുപത്രിയിൽ ചികിത്സയിലായിരുന്നു. കോവിഡ് മുക്തയായെങ്കിലും വീണ്ടും ആരോഗ്യനില വഷളാവുകയും തുടർന്നു മരണം സംഭവിക്കുകയുമായിരുന്നു. ലതയുടെ മരണം രാജ്യത്തിനു കനത്ത നഷ്ടമായി മാറി. സംഗീതലോകത്ത് അവർ അവശേഷിപ്പിച്ചു പോയ വിടവ് ഇന്നും ആരാധകഹൃദയങ്ങളിൽ നോവായി പടർന്നു കയറുന്നു, ആ ഗാനങ്ങൾ ഇന്നും കണ്ണീരോർമയായി പെയ്തുകൊണ്ടേയിരിക്കുന്നു.

## താളം മുറിഞ്ഞു, ബപ്പി മറഞ്ഞപ്പോൾ

ലത മങ്കേഷ്കറിന്റെ വിയോഗം ഏൽപ്പിച്ച ആഘാതത്തിൽ നിന്നും സംഗീതലോകം മുക്തമാകും മുന്നേയായിരുന്നു ഡിസ്കോ സംഗീതം ജനപ്രിയമാക്കിയ ബോളിവുഡ് സംഗീതസംവിധായകനും ഗായകനുമായ ബപ്പി ലഹിരിയുടെ വിടവാങ്ങൽ. ലതയുടെ കടുത്ത ആരാധകനായിരുന്നു ലഹിരി. പ്രിയ ഗായികയുടെ വിയോഗം അദ്ദേഹത്തെ ഏറെ വേദനിപ്പിച്ചു. ദിവസങ്ങൾക്കിപ്പുറം അപ്രതീക്ഷിതമായി ലഹിരിയും വിടപറഞ്ഞു. സംഗീതലോകത്തിനു വലിയ വേദന സമ്മാനിച്ചായിരുന്നു ആ വിയോഗം. റീമിക്സുകളും കവർ പതിപ്പുകളും ഡിജെകളുമായി സംഗീത ലോകം മറ്റൊരു തലത്തിൽ എത്തുന്നതിനു ദശാബ്ദങ്ങൾക്കു മുൻപു തനത് ഈണങ്ങൾ കൊണ്ട് ഇന്ത്യയെ നൃത്തം ചെയ്യിപ്പിച്ച സംഗീതജ്ഞനാണ് ബപ്പി ലഹിരി.

19ാം വയസ്സിൽ മുംബൈയിലെത്തിയ ബപ്പി ലഹിരി 1972ൽ 'ദാദു' എന്ന ബംഗാളി ചിത്രത്തിലൂടെ സംഗീത സംവിധായകനായി അരങ്ങേറി. പിന്നാലെ 'നൻഹാ ശിക്കാരി'യിലൂടെ ബോളിവുഡിൽ ഇടം തേടിയ അദ്ദേഹം 1975ൽ 'സാക്മീ'യിലൂടെ കാലുറപ്പിച്ചു. ഇതേ ചിത്രത്തിൽതന്നെ പിന്നണി ഗായകനുമായി. 'ഡിസ്കോ ഡാൻസർ' (1982) ആണ് ബപ്പി ലാഹിരിയെ പ്രശസ്തിയുടെ കൊടുമുടിയിലെത്തിച്ചത്. 'ഗുഡ് ബോയ്സ്'(1997) എന്ന മലയാള സിനിമയിലെ ഗാനങ്ങൾക്കും ഈണമിട്ടു. പ്രമുഖ ഗായകൻ കിഷോർ കുമാറിന്റെ അനന്തരവൻ കൂടിയാണ് ബപ്പി ലഹിരി. ഗായകന്റെ അകാല വേർപാടിന്റെ വേദന ബോളിവുഡിനെ തളർത്തി. കോയി യഹാ നാച്ചേ നാച്ചേ..., കലിയോം കാ ചമൻ..., സൂ സൂ സുബി സുബി..., ഊലാലാ ഉലാലാ... തുടങ്ങി അദ്ദേഹത്തിന്റെ പാട്ടുകൾ ഇന്നും ആരാധകഹൃദയങ്ങളെ താളം പിടിപ്പിക്കുന്നു.

## പറയാതെ പറന്നകന്ന കെ കെ

ഗായകൻ കെകെയുടെ (കൃഷ്ണകുമാർ കുന്നത്ത്) വിയോഗമാണ് ഈ വര്ഷം സംഗീതലോകത്തിനേറ്റ മറ്റൊരു മുറിവ്. കൊൽക്കത്തയിലെ വിവേകാനന്ദ കോളജിലെ സംഗീതപരിപാടിക്കു ശേഷം ഹോട്ടൽ മുറിയിലേയ്ക്കു മടങ്ങിയ ഗായകൻ തൊട്ടുപിന്നാലെ മരണത്തിലേയ്ക്കു മറയുകയായിരുന്നു. വിവിധ ഭാഷകളിലായി എഴുന്നൂറിലധികം ഗാനങ്ങള് ലോകത്തിനു നല്കിയാണ് 53ാം വയസ്സിൽ കെകെ വിടവാങ്ങിയത്.

ആൽബങ്ങളായും ജിംഗിളുകളായും ഹിന്ദി സിനിമാഗാനങ്ങളായും സംഗീതപ്രേമികളുടെ ഹൃദയം കവർന്ന ഗായകനാണ് കെകെ. സിനിമാഗാനങ്ങൾക്കൊപ്പം ഇൻഡി- പോപ്, പരസ്യചിത്രങ്ങളുടെ ഗാനമേഖലയിലും വ്യക്തിമുദ്ര പതിപ്പിച്ചു. 3500ൽ അധികം ജിംഗിളുകൾ (പരസ്യചിത്രഗാനങ്ങൾ). ടെലിവിഷൻ സീരിയലുകൾക്കായും പാടിയിട്ടുള്ള കെകെയുടെ ശബ്ദം എല്ലാ പ്രേക്ഷകർക്കും പരിചിതം. മാച്ചിസ് എന്ന ഗുൽസാർ ചിത്രത്തിലെ 'ഛോടായേ ഹം വോ ഗലിയാം....' എന്ന ഗാനത്തോടെ കെകെയെ ഗാനലോകമറിഞ്ഞു.

ഹം ദിൽ ദേ ചുകെ സനം എന്ന ചിത്രത്തിലെ 'തടപ് തടപ്' എന്ന ഗാനവും തൂ ആഷികി ഹെ (ജങ്കാർ ബീറ്റ്സ്), ആവാര പൻ (ജിസം), ഇറ്റ്സ് ദ ടൈം ഫോർ ഡിസ്കോ (കൽ ഹോ നാ ഹോ) എന്നീ ഗാനങ്ങളും കെകെയെ പോപ്പുലർ ചാർട്ടുകളുടെ മുൻനിരയിലെത്തിച്ചു. എ.ആർ. റഹ്മാന്റെ സംഗീതത്തിൽ മിൻസാരക്കനവിൽ പാടിയാണു ദക്ഷിണേന്ത്യൻ സിനിമയിലേക്കു പ്രവേശിച്ചത്. വൈകാതെ തമിഴിലും തെലുങ്കിലും സ്ഥിരം ഗായകനായി. 1999ൽ പുറത്തിറങ്ങിയ 'പൽ' എന്ന ആൽബം കെകെയെ ഇൻഡി-പോപ്പ് ചാർട്ടുകളിൽ മുകളിലെത്തിച്ചു. രണ്ടാമത്തെ ആൽബം ഹംസഫറും വൻതോതിൽ ആരാധകരെ നേടി. പിന്നാലെ സ്റ്റേജ് ഷോകളുമായി രാജ്യമാകെ തരംഗം തീർത്തു. കേൾവിക്കാരെ ഒന്നടങ്കം പാട്ടിലാക്കി ഒടുവിൽ പാതിയിൽ മുറിഞ്ഞ ഈണമായി മാറിയ കെകെ ഇന്നും ആരാധകമനസ്സുകളിൽ നോവായി നിറയുന്നു.

## പാതിയിലടർന്നു വീണ ബിടിഎസ്

കൊറിയൻ ബാൻഡ് ബിടിഎസിന്റെ വേർപിരിയൽ പ്രഖ്യാപനം ലോകത്തെ അക്ഷരാർഥത്തിൽ ഞെട്ടിച്ചതാണ്. പുതിയ ആൽബമായ 'പ്രൂഫി'ന്റെ റിലീസിനു ശേഷം അപ്രതീക്ഷിതമായാണ് സംഘം ദീർഘ കാലത്തെ ഇടവേള പ്രഖ്യാപിച്ചത്. സ്വതന്ത്ര സംഗീതജീവിതത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനായാണ് വേർപിരിയുന്നതെന്ന് ബിടിഎസ് അറിയിച്ചു.

ബിടിഎസ് ബാൻഡ് വേർപിരിഞ്ഞെങ്കിലും സംഘത്തിന്റെ സംഗീതജീവിത വിശേഷങ്ങളെല്ലാം ആരാധകർക്കിടയിൽ ചർച്ചയാകാറുണ്ട്. വേർപിരിയലിനു ശേഷവും സ്വതന്ത്ര സംഗീത ആൽബങ്ങളുമായി സജീവമായിത്തന്നെ തുടരുകയാണ് അംഗങ്ങൾ. ബാൻഡ് രൂപീകരിച്ച് 9 വർഷം പൂർത്തിയാക്കിയ വേളയിലാണ് ഇവർ വേര്പിരിയൽ പ്രഖ്യാപനം നടത്തിയത്. ജംഗൂക്, ആർഎം, വി, ജെഹോപ്, ജിമിൻ, ജിൻ, സുഗ, എന്നിവരാണ് കൊറിയന് ബാൻഡ് ആയ ബിടിഎസിലെ അംഗങ്ങൾ.

സ്വതന്ത്ര സംഗീത ജീവിതത്തിൽ കൂടുതൽ ശ്രദ്ധിക്കാനാണു ബാൻഡ് പിരിച്ചുവിടുന്നതെന്നായിരുന്നു ബിടിഎസിന്റെ വിശദീകരണം. എന്നാൽ ദക്ഷിണ കൊറിയയിലെ നിയമമനുസരിച്ച് നിർബന്ധിത സൈനിക സേവനത്തിൽ ചേരാനാണു സംഘം വേർപിരിഞ്ഞതെന്ന അനൗദ്യോഗിക പ്രഖ്യാപനങ്ങളും പുറത്തു വന്നിരുന്നു. ബിടിഎസ് താരങ്ങളെല്ലാം ഉടൻ തന്നെ സൈനികസേവനത്തിനിറങ്ങുമെന്ന് കൊറിയയിലെ മേലധികാരികളും അറിയിച്ചു. ബാൻഡ് അംഗം ജംഗൂക് ഫുട്ബോൾ ലോകകപ്പിന്റെ ഉദ്ഘാടന വേദിയിൽ പാട്ടുമായി എത്തിയിരുന്നു.





# 2022 ന്റെ തീരാനഷ്ടങ്ങൾ


## കെ പി എ സി ലളിത

മലയാള സിനിമയിലെ വൈവിധ്യമാർന്നതുമായ അഭിനേത്രികളിൽ ഒരാളായിരുന്ന കെപിഎസി ലളിത ഫെബ്രുവരി 22 നാണ് വിടവാങ്ങിയത്. ആശുപത്രിയിലായിരുന്നു അന്ത്യം. മലയാളത്തിലും തമിഴിലുമായി അഞ്ഞൂറ്റിയൻപതിലേറെ സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്. മികച്ച സഹനടിക്കുള്ള ദേശീയ ചലച്ചിത്ര പുരസ്കാരം രണ്ടുവട്ടവും സംസ്ഥാന ചലച്ചിത്ര പുരസ്കാരം നാലുവട്ടവവും നേടിയിട്ടുണ്ട്.










## സിദ്ധു മൂസ്വാല

മെയ് 29നാണ് പ്രശസ്ത പഞ്ചാബി ഗായകൻ സിദ്ധു മൂസ്വാല കൊല്ലപ്പെട്ടത്. ഗോൾഡി ബ്രാർ എന്ന സതീന്ദർജീത് സിംഗ് ആണ് കൊലപാതകത്തിന്റെ സൂത്രധാരനെന്ന് സംശയിക്കുന്നു.ലോറൻസ് ബിഷ്ണോയി സംഘത്തിലെ അംഗമായ ഗോൾഡി ബ്രാർ 2017ലാണ് കാനഡയിൽ നിന്ന് യുഎസിലേക്ക് മാറിയത്. മുസേവാലയുടെ ക്രൂരമായ കൊലപാതകത്തിന്റെ ഉത്തരവാദിത്തം ആ സംഘടന ഏറ്റെടുത്തിരുന്നു.

## പണ്ഡിറ്റ് ബിർജു മഹാരാജ്

പണ്ഡിറ്റ് ബിർജു മഹാരാജ് ഇന്ത്യൻ നൃത്ത-സംഗീത ലോകത്തെ ജീവിക്കുന്ന ഇതിഹാസമായി മാറിയിരുന്നു. ജനുവരി 17 ന് അദ്ദേഹം മരിച്ചു. അദ്ദേഹത്തിന് 83 വയസായിരുന്നു. പത്മവിഭൂഷൺ, പത്മഭൂഷൺ ബഹുമതികൾ നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചിരുന്നു. വാദ്യോപകരണ സംഗീതം, നൃത്തസംവിധാനം, ഗാനരചന എന്നീ മേഖലകളിലും തിളങ്ങി.

## രാജു ശ്രീവാസ്തവ

ജനപ്രിയ ഹാസ്യനടൻ രാജു ശ്രീവാസ്തവ (58) സെപതംബർ 21 ന് എയിംസിൽ ചികിത്സയ്ക്കിടെ മരിച്ചു. ജിമ്മിൽ വ്യായാമത്തിനിടെ ഹൃദയാഘാതമുണ്ടായതിനെ തുടർന്നാണ് അദ്ദേഹത്തെ എയിംസിൽ പ്രവേശിപ്പിച്ചത്. 2005 പുറത്തിറങ്ങിയ 'ദ് ഗ്രേറ്റ് ഇന്ത്യൻ ലാഫർ ചാലഞ്ച്' എന്ന ടെലിവിഷൻ ഷോയിലൂടെയാണ് സ്റ്റാൻഡ് അപ് കോമഡി രംഗത്ത് രാജു ശ്രദ്ധേയനാകുന്നത്.










## പ്രതാപ് പോത്തൻ

അഞ്ച് ഭാഷകളിലായി 100-ലധികം സിനിമകളിൽ അഭിനയിച്ചിട്ടുള്ള പ്രതാപ് പോത്തൻ സംവിധായകനും എഴുത്തുകാരനും നിർമ്മാതാവുമാണ്. മലയാളം, തമിഴ്, കന്നഡ, തെലുങ്ക്, ഹിന്ദി സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്.

## അരുൺ ബാലി

മുതിർന്ന ഇന്ത്യൻ നടൻ അരുൺ ബാലി ഒക്ടോബർ ഏഴിന് അന്തരിച്ചു. തന്റെ നീണ്ട കരിയറിൽ അദ്ദേഹം നിരവധി സിനിമകളിലും ടിവി ഷോകളിലും അഭിനയിച്ചു. അമിതാഭ് ബച്ചൻ, നീതു ഗുപ്ത, രശ്മിക എന്നിവർ അഭിനയിച്ച ഗുഡ്ബൈ എന്ന ചിത്രത്തിലാണ് അവസാനമായി വേഷമിട്ടത്.

## സിദ്ധാന്ത് സൂര്യവംശി

ടിവി നടൻ സിദ്ധാന്ത് വീർ സൂര്യവംശി (സിദ്ധാന്ത് സൂര്യവംശി) ജിമ്മിൽ വ്യായാമം ചെയ്യുന്നതിനിടെ മരിക്കുകയായിരുന്നു. മോഡലിങ്ങിലൂടെ കരിയർ ആരംഭിച്ച സിദ്ധാന്ത് ഏക്ത കപൂർ നിർമിച്ച ഖുസും എന്ന സീരിയലിലൂടെയാണ് ടെലിവിഷൻ രംഗത്ത് അരങ്ങേറ്റം കുറിച്ചത്. സമീൻ സേ ആസ്മാൻ തക്, വിരുദ്ധ്, ഭാഗ്യവിധാത, മംമ്ത, ഖയാമത്ത് തുടങ്ങിയ സിരീയലുകളിൽ വേഷമിട്ടു.










## കോട്ടയം പ്രദീപ്

ഹാസ്യ വേഷങ്ങളിലൂടെ പ്രേക്ഷകശ്രദ്ധ പിടിച്ചുപറ്റിയ നടൻ കോട്ടയം പ്രദീപ്
ഫെബ്രുവരി 17നാണ് അന്തരിച്ചത്. 60 ലേറെ ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. ജൂനിയർ അഭിനേതാവായാണ് ചലച്ചിത്ര രംഗത്ത് അരങ്ങേറ്റം കുറിച്ചത്. ഐവി ശശി സംവിധാനം ചെയ്ത 'ഈ നാട് ഇന്നലെ വരെ' എന്ന ചിത്രത്തിലൂടെയാണ് കോട്ടയം പ്രദീപ് ചലച്ചിത്ര രംഗത്ത് എത്തിയത്.

## കൊച്ചുപ്രേമൻ


ഹാസ്യവേഷങ്ങളിലൂടെ ശ്രദ്ധേയനായ സിനിമാ നടൻ കൊച്ചുപ്രേമൻ (68) തിരുവനന്തപുരത്തെ ആശുപത്രിയിൽ ഡിസംബർ മൂന്നിനാണ് മരണപ്പെട്ടത്. 250 ഓളം സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്. തന്റെ സ്വതസിദ്ധമായ സംഭാഷണശൈലിലൂടെയാണ് കൊച്ചുപ്രേമൻ മലയാളികളുടെ പ്രിയങ്കരനായത്. നാടകത്തിലൂടെയാണ് അദ്ദേഹം സിനിമയിലെത്തിയത്. 1979-ൽ റിലീസായ 'ഏഴു നിറങ്ങൾ' ആണ് ആദ്യ സിനിമ.


## കോടിയേരി ബാലകൃഷ്ണൻ

സിപിഎം മുൻ സംസ്ഥാന സെക്രട്ടറിയും മുൻ ആഭ്യന്തരമന്ത്രിയുമായിരുന്ന കോടിയേരി ബാലകൃഷ്ണൻ 2022 ഒക്ടോബർ 22ന് അന്തരിച്ചു. സമീപകാലത്ത് കേരളം കണ്ട ഏറ്റവും വികാരഭരിതമായ യാത്രാമൊഴിയാണ് മലയാളികൾ അദ്ദേഹത്തിനു നൽകിയത്. 2001 മുതൽ 2016 വരെ തലശേരി എംഎൽഎയായിരുന്നു. 2006 മുതൽ 2011 വരെ ആഭ്യന്തര മന്ത്രിയായിരുന്നു. 2015ൽ സിപിഎം സംസ്ഥാന സെക്രട്ടറിയായി. എന്നാൽ 2022 ഓഗസ്റ്റ് 28ന് ആരോഗ്യകരമായ കാരണങ്ങളെത്തുടർന്ന് സെക്രട്ടറി സ്ഥാനം ഒഴിഞ്ഞു.

## ആര്യാടൻ മുഹമ്മദ്

മലപ്പുറത്തു നിന്നുള്ള പ്രമുഖ കോൺഗ്രസ് നേതാവായിരുന്നു ആര്യാടൻ മുഹമ്മദ്. മലപ്പുറത്ത് കോൺഗ്രസിന് സ്വാധീനം ഉണ്ടാക്കി കൊടുക്കുന്നതിൽ വലിയ പങ്ക് വഹിച്ചു. 1987 മുതൽ 2016 വരെ നിലമ്പൂരു നിന്നുള്ള നിയമസഭാംഗമായിരുന്നു. നാല് തവണ കാബിനറ്റ് മന്ത്രിയായിട്ടുണ്ട്. 1935ന് ജനിച്ച ആര്യാടൻ 2022 സെപ്റ്റംബർ 25ന് വാർദ്ധക്യസഹജമായ അസുഖങ്ങളെത്തുടർന്നാണ് മരണപ്പെടുന്നത്.




1. കെ പി എ സി ലളിത,
2. സിദ്ധു മൂസ്വാല,
3. പണ്ഡിറ്റ് ബിർജു മഹാരാജ്,
4. രാജു ശ്രീവാസ്തവ,
5. പ്രതാപ് പോത്തൻ,
6. അരുൺ ബാലി,
7. സിദ്ധാന്ത് സൂര്യവംശി,
8. കോട്ടയം പ്രദീപ്,
9. കൊച്ചുപ്രേമൻ,
10. കോടിയേരി ബാലകൃഷ്ണൻ,
11. ആര്യാടൻ മുഹമ്മദ്










## എലിസബത്ത് രാജ്ഞി

ഏഴ് പതിറ്റാണ്ടോളം ബ്രിട്ടൻ ഭരിച്ച എലിസബത്ത് രാജ്ഞി 96-ാം വയസിലാണ് മരണപ്പെടുന്നത്. സ്കോട്‌ലണ്ടിലെ ബാൽമോറൽ കൊട്ടാരത്തിൽ സെപ്റ്റംബർ എട്ടിനായിരുന്നു അന്ത്യം. 1952ലാണ് എലിസബത്തിന് പദവി ലഭിക്കുന്നത്. വിൻസ്റ്റൺ ചർച്ചിൽ മുതൽ 15 പേർ എലിസബത്തിന്റെ കാലത്ത് പ്രധാനമന്ത്രിമാരായി. ലോകത്ത് ഏറ്റവും കൂടുതൽ കറൻസികളിൽ ചിത്രമുള്ള ഭരണാധികാരി എന്ന നിലയിൽ രാജ്ഞി ഗിന്നസ് ബുക്കിൽ ഇടംപിടിച്ചിരുന്നു.

## ഹൈദരലി ശിഹാബ് തങ്ങൾ

ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ സംസ്ഥാന അധ്യക്ഷനായിരുന്നു പാണക്കാട് ഹൈദരലി ശിഹാബ് തങ്ങൾ. കൂടാതെ എസ് വൈ എസ് (ഇകെ വിഭാഗം) സംസ്ഥാന പ്രസിഡന്റുമായിരുന്നു. 2009ലാണ് മുസ്ലിം ലീഗ് സംസ്ഥാന അധ്യക്ഷനായി ചുമതലയേറ്റത്. 2022 മാർച്ച് ആറിനായിരുന്നു അന്ത്യം.

## മധു മാസ്റ്റർ

മലയാള നാടക ആചാര്യനും സാംസ്കാരിക പ്രവർത്തകനുമായിരുന്നു മധു മാസ്റ്റർ. സംഘഗാനം, ഷട്ടർ എന്നിങ്ങനെ എട്ടോളം സിനിമകളിൽ അഭിനയിച്ചു. അടിയന്തരാവസ്ഥയ്ക്കു ശേഷം കേരളത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ട അമ്മ എന്ന നാടകത്തിന്റെ രചയിതാവും സംവിധായകനുമാണ്. ഇതു കൂടാതെ സ്പാർട്ടക്കസ്, പുലിമറഞ്ഞ കുട്ടൻ മൂസ്, മൂട്ട, സുനന്ദ അടക്കമുള്ള നാടകങ്ങളുടെ രചനയും നിർവഹിച്ചു. മാർച്ച് 19നായിരുന്നു അന്ത്യം.

## പ്രൊഫ എം കെ പ്രസാദ്

മലയാളികൾക്ക് പാരിസ്ഥിതികാവബോധം പകർന്നു നൽകുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുള്ള വ്യക്തികളിൽ ഒരാളാണ് പ്രൊഫ എം കെ പ്രസാദ്. മലിനീകരണം, പരിസ്ഥിതി സംരക്ഷണം എന്നിങ്ങനെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഉയർന്നുവന്ന എണ്ണമറ്റ പ്രക്ഷോഭങ്ങൾക്ക് എം കെ പ്രസാദ് നേതൃത്വം നൽകി. കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ മുതിർന്ന പ്രവർത്തകനായിരുന്നു. സൈലന്റ്‌വാലി സംരക്ഷണ പ്രവർത്തനങ്ങളിലൂടെയാണ് ശ്രദ്ധിക്കപ്പെട്ടത്. ജനുവരി 17നായിരുന്നു അന്ത്യം.

## ഡോ റോയ് ചാലി

കേരളത്തിലെ ആദ്യ വൃക്കമാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ ഡോക്ടർമാരിൽ ഒരാളാണ് റോയ് ചാലി. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ പ്രൊഫസറും യൂറോളജി വിഭാഗം മുൻ മേധാവിയുമായിരുന്നു. കൂടാതെ ബേബി മെമ്മോറിയൽ ഹോസ്പിറ്റലിലെ യൂറോളജി വിഭാഗത്തിന്റെ ചുമതലയും വഹിച്ചു. മാർച്ച് 14നായിരുന്നു അദ്ദേഹത്തിന്റെ മരണം.

## സൈറസ് മിസ്ത്രി

ടാറ്റാ സൺസ് മുൻ ചെയർമാൻ സൈറസ് മിസ്ത്രി വാഹനാപകടത്തിൽ മരണപ്പെട്ടു. സെപ്റ്റംബർ നാലിന് അഹമ്മദാബാദിൽ നിന്നും മുംബൈയിലേക്കുള്ള യാത്രക്കിടെ സംഭവിച്ച അപകടത്തിലായിരുന്നു അന്ത്യം. മിസ്ത്രിയും കുടുംബ സുഹൃത്തുക്കളും സഞ്ചരിച്ച കാർ അപകടത്തിൽപ്പെടുകയായിരുന്നു. രത്തൻ ടാറ്റ വിരമിച്ച ശേഷം ടാറ്റ ഗ്രൂപ്പിന്റെ മാതൃകമ്പനിയായ ടാറ്റ സൺസിന്റെ ചുമതല സൈറസ് മിസ്ത്രി ഏറ്റെടുത്തിരുന്നു. 2012 ഡിസംബറിൽ ചുമതലയേറ്റെടുത്ത ശേഷം രത്തൻ ടാറ്റയുമായി ഉണ്ടായ അഭിപ്രായ വ്യത്യാസത്തെ തുടർന്ന് 2016 ഒക്ടോബറിൽ പുറത്താക്കി. ടാറ്റ ഗ്രൂപ്പിന്റെ ഡയറക്ടർ ബോർഡിൽനിന്ന് മിസ്ത്രിയെ നീക്കം ചെയ്തു. എന്നാൽ നാഷണൽ കമ്പനി ലോ അപ്പലേറ്റ് ട്രിബ്യൂണലിൽനിന്ന് (എൻസിഎൽടി) 2019 ഡിസംബർ 18ന് മിസ്ത്രി അനുകൂലവിധി നേടി. ഇതിനെതിരായ ടാറ്റ സൺസിന്റെ അപ്പീലിൽ എൻസിഎൽഎടി ഉത്തരവ് 2021ൽ സുപ്രീംകോടതി റദ്ദാക്കി.

## രാകേഷ് ജുൻജുൻവാല

ഇന്ത്യൻ ഓഹരി വിപണിയിലെ അത്ഭുത പ്രതിഭാസം എന്നാണ് രാകേഷ് ജുൻജുൻവാല അറിയപ്പെട്ടിരുന്നത്. വൃക്ക രോഗത്തെ തുടർന്നും കടുത്ത പ്രമേഹത്തെ തുടർന്നും ചികിത്സയിലിരിക്കെ ഹൃദയാഘാതത്തെത്തുടർന്നായിരുന്നു മരണം. ഫോബ്സ് പട്ടികപ്രകാരം 580 കോടി ഡോളറാണ് (46,000 കോടി രൂപ) മൊത്തം ആസ്തി. ആഗസ്റ്റ് 15നായിരുന്നു മരണം.

## തലേക്കുന്നിൽ ബഷീർ

ലോക്സഭാംഗം, രാജ്യസഭാംഗം, നിയമസഭാംഗം കെപിസിസി ആക്ടിങ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള മുതിർന്ന കോൺഗ്രസ് നേതാവായിരുന്നു. 2022 മാർച്ച് 25ന് അന്തരിച്ചു.

## കൈനകരി തങ്കരാജ്

നാടക ചലച്ചിത്ര നടനായിരുന്നു കൈനകരി തങ്കരാജ്. കരൾരോഗ ബാധയെത്തുടർന്ന് ഏപ്രിൽ മൂന്നിനായിരുന്നു അന്ത്യം. പ്രശസ്ത നാടക പ്രവർത്തകൻ കൃഷ്ണൻകുട്ടി ഭാഗവതരുടെ മകനാണ്.

## ജോൺ പോൾ

നൂറോളം ജനപ്രിയ സിനിമകളുടെ രചന നിർവഹിച്ച് മലയാള സിനിമയ്ക്ക് പുത്തൻ ഭാവുകത്വം നൽകി. 1980ൽ പുറത്തിറങ്ങിയ ഭരതന്റെ ചാമരം ആണ് ആദ്യ സിനിമ. വിടപറയും മുമ്പെ, തേനും വയമ്പും, യാത്ര, ഉണ്ണികളെ ഒരു കഥ പറയാം, അടക്കമുള്ള സിനിമകൾക്കുവേണ്ടി രചന നിർവഹിച്ചു. ഏപ്രിൽ 23നായിരുന്നു അന്ത്യം.

## കെ ശങ്കരനാരായണൻ

ഗവർണർ, സംസ്ഥാന കാബിനറ്റ് വകുപ്പ് മന്ത്രി, യുഡിഎഫ് കൺവീനർ, എംഎൽഎ എന്നീ നിലകളിൽ പ്രവർത്തിച്ചു. കേരളത്തിൽ നിന്നുള്ള മുതിർന്ന കോൺഗ്രസ് നേതാവായിരുന്നു. 2022 ഏപ്രിൽ 24നായിരുന്നു അന്ത്യം.

## ഇടവ ബഷീർ

മലയാള സിനിമയിലെ പ്രശസ്ത പിന്നണി ഗായകനാണ് ഇടവ ബഷീർ. യേശുദാസിന്റെയും മുഹമ്മദ് റാഫിയുടെയും പാട്ടുകൾ പാടിയാണ് ഗാനമേള വേദികളിൽ ശ്രദ്ധിക്കപ്പെട്ടത്. മെയ് 28ന് ഗാനമേള വേദിയിൽ കുഴഞ്ഞുവീണ് മരിക്കുകയായിരുന്നു.

## പ്രയാർ ഗോപാലകൃഷ്ണൻ

കോൺഗ്രസ് നേതാവും മുൻ എംഎൽഎയുമായിരുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രസിഡന്റായിരുന്നു. മിൽമയുടെ പ്രസിഡന്റായി ഏറെക്കാലം പ്രവർത്തിച്ചു. 2022 ജൂൺ നാലിനായിരുന്നു മരണം. 2001ൽ ചടയമംഗലത്തു നിന്നുള്ള നിയമസഭാംഗമായിരുന്നു.

## വി പി ഖാലിദ്

നാടക സീരിയൽ നടനായിരുന്നു വി പി ഖാലിദ്. മഴവിൽ മനോരമയിൽ സംപ്രേക്ഷണം ചെയ്തിരുന്ന മറിമായത്തിലെ സുരേഷ് എന്ന കഥാപാത്രത്തെ അവതരിപ്പിച്ചിരുന്നത് വി പി ഖാലിദാണ്. ഛായാഗ്രഹകരായ ഷൈജു ഖാലിദ്, ജിംഷി ഖാലിദ് സംവിധായകൻ ഖാലിദ് റഹ്മാൻ എന്നിവർ മക്കളാണ്. ജൂൺ 24നായിരുന്നു അന്ത്യം.

## ടി ശിവദാസ മേനോൻ

മുൻ ധനകാര്യ, എക്സൈസ് വകുപ്പ് മന്ത്രിയായിരുന്നു ടി ശിവദാസ മേനോൻ. സിപിഎമ്മിന്റെ കേരളത്തിലെ മുതിർന്ന നേതാക്കളിൽ ഒരാളായിരുന്നു. മൂന്ന് തവണ നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ജൂൺ 28നായിരുന്നു മരണം.

## മാളിയേക്കൽ മറിയുമ്മ

മലബാറിൽ ആദ്യമായി ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ സ്ത്രീയാണ് മാളിയേക്കൽ മറിയുമ്മ. ആഗസ്റ്റ് അഞ്ചിനായിരുന്നു അന്ത്യം. വിമൻ സൊസൈറ്റിയുണ്ടാക്കി സ്ത്രീധനത്തിനെതിരെ പോരാട്ടം നടത്തി.

## ബർലിൻ കുഞ്ഞനന്തൻ നായർ

മാർക്സിസ്റ്റ് ചിന്തകനും പത്ര പ്രവർത്തകനുമായിരുന്നു ബർലിൻ കുഞ്ഞനന്തൻ നായർ. ആദ്യകാല കമ്മ്യൂണിസ്റ്റ് പ്രവർത്തകനായിരുന്നു. ഓഗസ്റ്റ് എട്ടിനായിരുന്നു അന്ത്യം.

## നെടുമ്പ്രം ഗോപി

സിനിമ, സീരിയൽ നടനായിരുന്നു. ബ്ലെസി സംവിധാനം ചെയ്ത 'കാഴ്ച' മമ്മൂട്ടിയുടെ അച്ഛനായി അഭിനയിച്ചു. 2022 ഓഗസ്റ്റ് 16നായിരുന്നു അന്ത്യം.

## സതീശൻ പാച്ചേനി


കണ്ണൂരിൽ നിന്നുള്ള പ്രമുഖ കോൺഗ്രസ് നേതാവായിരുന്നു സതീശൻ പാച്ചേനി. അഞ്ച് തവണ നിയമസഭയിലേക്കും ഒരു തവണ ലോക്സഭയിലേക്കും മത്സരിച്ച് പരാജയപ്പെട്ടു. കണ്ണൂരിലെ കോൺഗ്രസ് പ്രവർത്തകർക്കിടയിൽ അദ്ദേഹം ജനകീയനായിരുന്നു. ഒക്ടോബർ 27നായിരുന്നു അന്ത്യം.


## ടി പി രാജീവൻ

മലയാളത്തിലെ പ്രമുഖ കവികളിൽ ഒരാളായിരുന്നു ടി പി രാജീവൻ. മലയാളത്തിലും ഇംഗ്ലീഷിലും രാജീവൻ രചനകൾ നടത്തി. കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചിട്ടുണ്ട്. നവംബർ രണ്ടിനായിരുന്നു അന്ത്യം.

## ഷിൻസോ ആബെ

ജപ്പാന്റെ ചരിത്രത്തിൽ പ്രധാനമന്ത്രിപദം വഹിച്ചവരിൽ കൊല്ലപ്പെടുന്ന ആറാമത്തെ പ്രധാനമന്ത്രിയാണ് ഷിൻസോ ആബെ. തെരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ അദ്ദേഹത്തെ വെടിവെച്ച് കൊല്ലുകയായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ജപ്പാനെ നടുക്കിയ രാഷ്ട്രീയ ദുരന്താണ് ഷിൻസോ ആബെയുടെ കൊലപാതകം. ജൂലൈ എട്ടിനായിരുന്നു കൊലപാതകം.

















































*12.എലിസബത്ത് രാജ്ഞി , 13. ഹൈദരലി ശിഹാബ് തങ്ങൾ,14. മധു മാസ്റ്റർ,15.പ്രൊഫ എം കെ പ്രസാദ്,16. ഡോ റോയ് ചാലി,17. സൈറസ് മിസ്ത്രി,18. രാകേഷ് ജുൻജുൻവാല,19. തലേക്കുന്നിൽ ബഷീർ,20. കൈനകരി തങ്കരാജ്, 21. ജോൺ പോൾ22. കെ ശങ്കരനാരായണൻ,23. ഇടവ ബഷീർ,24. പ്രയാർ ഗോപാലകൃഷ്ണൻ,25. വി പി ഖാലിദ്,26. ടി ശിവദാസ മേനോൻ,27. മാളിയേക്കൽ മറിയുമ്മ,28. ബർലിൻ കുഞ്ഞനന്തൻ നായർ,29. നെടുമ്പ്രം ഗോപി 30. സതീശൻ പാച്ചേനി,31. ടി പി രാജീവൻ,32. ഷിൻസോ ആബെ*

**മരണത്തണുപ്പിൽ വിടവാങ്ങിയെങ്കിലും..**
**നനവോലും ഓർമ്മയാൽ**
**ഹൃദയത്തിൽചേർന്നുനിന്നെപ്പോഴും ...**

# 2022 ന്റെ തീരാനഷ്ടങ്ങൾ

BUSINESS NEWS




# എയു സ്മോൾ ഫിനാൻസ് ബാങ്കും എച്ച്ഡിഎഫ്സി ലൈഫും ബാങ്കഷ്വറൻസ് ടൈ– അപ്പ് പ്രഖ്യാപിച്ചു

ഇന്ത്യയിലെ മുൻനിര ചെറുകിട ഫിനാൻസ് ബാങ്കായ എയു സ്മോൾ ഫിനാൻസ് ബാങ്കും ഇന്ത്യയിലെ മുൻനിര ലൈഫ് ഇൻഷുറർമാരിലൊരാളായ എച്ച്ഡിഎഫ്സി ലൈഫും എച്ച്ഡിഎഫ്സി ലൈഫിന്റെ ഇൻഷുറൻസ് പ്ലാനുകൾ ബാങ്കഷ്വറൻസ് ബിസിനസ് മോഡലിലൂടെ അവതരിപ്പിക്കുന്നതിനുള്ള കോർപ്പറേറ്റ് ഏജൻസി ടൈ-അപ്പ് പ്രഖ്യാപിച്ചു. എയു സ്മോൾ ഫിനാൻസ് ബാങ്കിന്റെ ഉപഭോക്താക്കൾക്ക് എച്ച്ഡിഎഫ്സി ലൈഫ് വാഗ്ദാനം ചെയ്യുന്ന ലൈഫ് ഇൻഷുറൻസ് ഉൽപ്പന്നങ്ങളുടെ മുഴുവൻ ശ്രേണിയും ആക്സസ് ചെയ്യാൻ പ്രാപ്തമാക്കുന്നതാണ് ഈ പങ്കാളിത്തം.27 വർഷത്തെ പാരമ്പര്യവും 20 സംസ്ഥാനങ്ങളിലും 2 കേന്ദ്ര ഭരണ പ്രദേശങ്ങളിലും സാന്നിധ്യവും ഗ്രാമീണ, സെമി അർബൻ വിപണികളിലെ ഉപഭോക്താക്കളെ കുറിച്ചുള്ള സൂക്ഷ്മമായ ധാരണയുമുള്ള എയു സ്മോൾ ഫിനാൻസ് ബാങ്ക് ഈ വിഭാഗങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് ഉൽപ്പന്നങ്ങളും സേവനങ്ങളും നിർമ്മിച്ചു കൊണ്ട് ഓരോ വർഷവും ഒരു ദശലക്ഷം ഉപഭോക്താക്കളെ കൂട്ടിച്ചേർക്കുന്നു. ഇന്ത്യയിലെ മുൻനിര ലൈഫ് ഇൻഷുറർമാരിലൊരാളായ എച്ച്ഡിഎഫ്സി ലൈഫിന് ഉപഭോക്താക്കളുടെ ജീവിതഘട്ട ആവശ്യങ്ങൾ നിറവേറ്റുന്നതിനും സംരക്ഷണം, സമ്പാദ്യവും നിക്ഷേപവും, വിരമിക്കൽ, ഗുരുതരമായ രോഗങ്ങളിൽ നിന്നുള്ള സംരക്ഷണം തുടങ്ങിയവ ഉൾപ്പെടെയുള്ള അവരുടെ ദീർഘകാല സാമ്പത്തിക ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ള വിപുലമായ ഒരു ഉൽപ്പന്ന പോർട്ട്ഫോളിയോയും കൊണ്ട് 2022 സാമ്പത്തിക വർഷത്തിൽ 54 ദശലക്ഷത്തിലധികം ജീവിതങ്ങൾ സുരക്ഷിതമാക്കുവാൻ സാധിച്ചു.''എയു സ്മോൾ ഫിനാൻസ് ബാങ്ക്, അതിന്റെ വിപുലമായ സാന്നിധ്യത്താൽ, ഞങ്ങളുടെ ശ്രമങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുമെന്നും ധാരാളം വ്യക്തികളെ സാമ്പത്തികമായി സുരക്ഷിതമാക്കുന്നതിന് ഗണ്യമായ സംഭാവന നൽകുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു. എച്ച്ഡിഎഫ്സി ലൈഫിന്റെ 22 വർഷത്തെ യാത്രയിൽ ചേരാൻ ഞങ്ങൾ അവരെ സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു' പങ്കാളിത്തത്തെക്കുറിച്ച് സംസാരിച്ച എച്ച്ഡിഎഫ്സി ലൈഫ് മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ വിഭാ പടാൽക്കർ പറഞ്ഞു.''എയു സ്മോൾ ഫിനാൻസ് ബാങ്ക്, എച്ച് ഡി എഫ് സി ലൈഫ് എന്നിവയുടെ വിപുലമായ നെറ്റ്വർക്കിലൂടെയും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെയും ആവശ്യ-അധിഷ്ഠിത പരിഹാരങ്ങളും തടസ്സമില്ലാത്ത സേവനങ്ങളും ലഭിക്കുമെന്നതിനാൽ ഈ പങ്കാളിത്തത്തിൽ നിന്ന് ഉപഭോക്താക്കൾക്ക് വലിയ നേട്ടം ലഭിക്കും.' ഉപഭോക്തൃ ആനുകൂല്യങ്ങൾ എടുത്തുകാണിച്ചുകൊണ്ട്, എയു സ്മോൾ ഫിനാൻസ് ബാങ്ക് മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ സഞ്ജയ് അഗർവാൾ പറഞ്ഞു.



# ടെലികോം സേവനങ്ങളുടെ ഗുണനിലവാരം പരിശോധിക്കും, പുതിയ നീക്കവുമായി കേന്ദ്രം

രാജ്യത്ത് ടെലികോം സേവനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ നീക്കങ്ങളുമായി രംഗത്തെത്തിയിരിക്കുകയാണ് കേന്ദ്രം. റിപ്പോർട്ടുകൾ പ്രകാരം, ടെലികോം സെക്രട്ടറി കെ. രാമരാജൻ അധ്യക്ഷത വഹിച്ച യോഗത്തിൽ പ്രമുഖ ടെലികോം സേവന ദാതാക്കളുടെ പ്രതിനിധികളും പങ്കെടുത്തു. രാജ്യത്ത് റിലയൻസ് ജിയോ, വോഡഫോൺ- ഐഡിയ, എയർടെൽ തുടങ്ങിയ സ്വകാര്യ കമ്പനികളാണ് ടെലികോം സേവനങ്ങൾ വാഗ്ദാനം ചെയ്യുന്നത്. എന്നാൽ, ഫോൺ കോളുകൾ കട്ടാകുന്നത് അടക്കമുള്ള നിരവധി പരാതികൾ ടെലികോം സേവന ദാതാക്കൾക്കെതിരെ ഉപയോക്താക്കൾ ഉന്നയിച്ചിരുന്നു.ഇത്തവണ നടന്ന യോഗത്തിൽ ടെലികോം സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ വേണ്ട നയപരമായ തീരുമാനങ്ങളെ കുറിച്ചാണ് ചർച്ച ചെയ്തത്. ഇതിന്റെ ഭാഗമായി സേവനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ പുതിയ മാനദണ്ഡങ്ങൾ നടപ്പാക്കുമെന്നാണ് സൂചന. നെറ്റ്വർക്കുകളുടെ ഗുണനിലവാരം 3 മുതൽ 4 മടങ്ങ് വരെയാണ് ഉയർത്താൻ സാധ്യത. അതേസമയം, അനധികൃത ടെലികോം ബൂസ്റ്ററുകൾ ഉണ്ടാക്കുന്ന ബുദ്ധിമുട്ട് ടെലികോം സേവന ദാതാക്കൾ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്.



# സന്തോഷ് ട്രോഫിയിൽ ജയം തുടർന്ന് കേരളം; ബീഹാറിനെ വീഴ്ത്തിയത് ഒന്നിനെതിരെ 4 ഗോളുകൾക്ക്

സന്തോഷ് ട്രോഫിയിൽ ജയം തുടർന്ന് കേരളം. ഇന്ന് ബീഹാറിനെ നേരിട്ട കേരളം ഒന്നിനെതിരെ 4 ഗോളുകൾക്ക് വിജയിച്ച് ഗ്രൂപ്പ് ബിയിലെ ഒന്നാം സ്ഥാനം നിലനിർത്തി. നിജോ ഗിൽബെർട്ട് ഇരട്ട ഗോളുകൾ നേടി. വിശാഖ് മോഹൻ, അബ്ദു റഹീം എന്നിവരാണ് മറ്റ് ഗോൾ സ്കോറർമാർ.24 ആം മിനിട്ടിൽ തന്നെ കേരളം ആദ്യ ഗോളടിച്ചു. ഒരു ഫ്രീകിക്കിൽ നിന്ന് നിജോ ആണ് ഗോൾ വേട്ട ആരംഭിച്ചത്. 4 മിനിട്ടുകൾക്ക് ശേഷം ഒരു പെനാൽറ്റിയിലൂടെ നിജോ ലീഡ് ഇരട്ടിയാക്കി. 70ആം മിനിട്ടിൽ മുന്ന മണ്ഡിയിലൂടെ ബീഹാർ ഒരു ഗോൾ തിരിച്ചടിച്ചെങ്കിലും 81ആം മിനിട്ടിൽ വിശാഖ് മോഹനനും 85ആം മിനിട്ടിൽ അബ്ദു റഹീമും കേരളത്തിന്റെ ഗോൾ പട്ടിക പൂർത്തിയാക്കി. ഇരുവരും പകരക്കാരായി ഇറങ്ങിയാണ് ഗോൾ നേടിയത്.





# ‘ഖത്തർ മോഡൽ മാലിന്യ നിർമാർജനം’

## ലോകകപ്പ് കാലത്തെ 80 ശതമാനം മാലിന്യവും പുനരുപയോഗിച്ചു

ലോകകപ്പ് സമയത്തെ 80 ശതമാനം മാലിന്യവും പുനരുപയോഗിച്ച് വീണ്ടും ഖത്തർ മോഡൽ മാതൃക. ലോകകപ്പ് ഫുട്ബോൾ സംഘാടനവുമായി ബന്ധപ്പെട്ട ഓരോ ആശയവും പ്രയോഗഗികമാക്കിയതിൽ നിന്ന് കയ്യടി നേടുകയാണ് ഖത്തർ. ലോകകപ്പിലെ 2000 ടൺ മാലിന്യമാണ് സംഘാടകർ റീസൈക്കിൾ ചെയ്തത്.ലോകകപ്പ് കാലത്ത് സ്റ്റേഡിയങ്ങളിലും ഫാൻ ഫെസ്റ്റിവലിലുമെല്ലാമായി വന്ന മാലിന്യങ്ങളിൽ 80 ശതമാനവും റീസൈക്കിൾ ചെയ്താണ് ഖത്തർ പുതിയ മാതൃക തീർത്തിരിക്കുന്നത്. 20,00 ടൺ മാലിന്യമാണ് റീസൈക്കിൾ ചെയ്യുകയോ വളമാക്കി മാറ്റുകയോ ചെയ്തത്.ബദർ അൽമീർ– സസ്റ്റയ്നബിലിറ്റി എഞ്ചിനീയർ മാലിന്യങ്ങൾ പരമാവധി കുറയ്ക്കുക, പുനരുപയോഗ സാധ്യത പരമാവധി ഉപയോഗപ്പെടുത്തുക എന്നതായിരുന്നു സംഘാടകരുടെ നയം. വേദികളിൽ നിന്നും മറ്റും ലഭിച്ച മാലിന്യങ്ങൾ പ്രത്യേകം തരംതിരിച്ചാണ് പ്ലാന്റുകളിലേക്ക് അയച്ചത്. അറബ് കപ്പ് സമയത്തും മാലിന്യ സംസ്കരണത്തിലും പുനരുപയോഗത്തിലും ഖത്തർ ആവിഷ്കരിച്ച പദ്ധതികൾ വിജയം കണ്ടിരുന്നു.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com